31
2026
ജൂലൈ
വെള്ളി
കർക്കിടകം 15

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 151 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-151 | പേജ് 4. വില 2.00 രൂപ

02 കരിയറിന് അവസാനം; ക്രിക്കറ്റിനോട് വിട പറഞ്ഞ് രഹാനെ
03 വയനാട്ടിലെ വന്യമൃഗശല്യം: സോളാർ ഫെൻസിസിംഗ് സ്ഥാപിക്കുമെന്ന് മന്ത്രി
04 കേരളത്തിൽ പിഎംശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് കേന്ദ്രം

# വൻകിട വികസന പദ്ധതികളിൽ നിക്ഷേപിക്കാൻ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്



തിരുവനന്തപുരം: സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും കരുത്തേകാൻ വൻകിട നിക്ഷേപങ്ങളുമായി ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്. എ. ഐ. ഐ. ബി സീനിയർ ഇൻവെസ്റ്റ്മെന്റ് ഓഫീസർ രാജേഷ് യാദവ്, ഇൻവെസ്റ്റ്മെന്റ് ഓഫീസർ മുഹമ്മദ് ഷാരിബ് ഖാൻ, അസോസിയേറ്റ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ വൻഷിക കാന്ത് എന്നിവരടങ്ങിയ ഉന്നതതല സംഘം സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി വി. ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി.

കൊച്ചി മെട്രോ രണ്ടാം ഘട്ടം (പിങ്ക് ലൈൻ), ഖരമാലിന്യ സംസ്കരണ പദ്ധതി, പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള 'റെസിലിയന്റ് കേരള' പ്രോഗ്രാം, അണക്കെട്ടുകളുടെ പുനരധിവാസ പദ്ധതി (ഉഞകജ 2) എന്നിവയിൽ ബാങ്ക് നിലവിൽ കേരളവുമായി സഹകരിക്കുന്നുണ്ട്. ഈ പങ്കാളിത്തം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹൃദ നിർമ്മാണങ്ങൾക്കും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള വികസനത്തിനും കേരളം നൽകുന്ന മുൻഗണന ബാങ്കിന്റെ 2030 വരെയുള്ള വികസന നയപരിപാടികളുമായി ചേർന്നു പോകുന്നതാണെന്ന് പ്രതിനിധി സംഘം ചൂണ്ടിക്കാട്ടി.

മത്സ്യബന്ധനം, തുറമുഖങ്ങൾ, ഉൾനാടൻ ജലഗതാഗതം, മാരിടൈം ലോജിസ്റ്റിക്സ്, തീരദേശ വികസനം, ടൂറിസം തുടങ്ങിയവ കോർത്തിണക്കിയുള്ള 'മിഷൻ സമുദ്ര' പദ്ധതിയുമായി സഹകരിക്കാനുള്ള ബാങ്കിന്റെ പ്രത്യേക താൽപര്യം പ്രതിനിധികൾ സർക്കാരിനെ അറിയിച്ചു. സംയോജിത പ്രോഗ്രാം മാതൃകയിലൂടെ ബ്ലൂ ഇക്കോണമി രംഗത്ത് വൻ നിക്ഷേപങ്ങൾ എത്തിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം കുട്ടനാട്-വേമ്പനാട് കായൽ മേഖലയുടെ സംരക്ഷണം, ജലസേചന സംവിധാനങ്ങൾ ആധുനികവത്കരിക്കൽ, പ്രളയ പ്രതിരോധം, റോഡുകളുടെയും നഗരങ്ങളുടെയും വികസനം, പുനരുപയോഗ ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര ഗവേഷണം തുടങ്ങിയ മേഖലകളിലും ബാങ്ക് നിക്ഷേപ സന്നദ്ധത അറിയിച്ചു.

എ. ഐ. ഐ. ബിയുടെ സഹകരണത്തെ സ്വാഗതം ചെയ്ത മുഖ്യമന്ത്രി, നാടിന്റെ വികസനത്തിൽ ബാങ്ക് നൽകുന്ന പിന്തുണയ്ക്ക് നന്ദി അറിയിച്ചു. പരിസ്ഥിതിക്കും നാടിനും കോട്ടം തട്ടാത്തതും ദീർഘകാലത്തേക്ക് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതുമായ വികസനത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പാലിച്ചും സംസ്ഥാന വികസന നയങ്ങൾക്ക് അനുസരിച്ചും നാടിന്റെ വളർച്ചയ്ക്ക് സഹായകരമാകുന്ന പുതിയ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

വരും മാസങ്ങളിൽ കൂടുതൽ ചർച്ചകൾ നടത്തി, മുൻഗണന നൽകേണ്ട പ്രധാന പദ്ധതികളുടെയും നിക്ഷേപങ്ങളുടെയും അന്തിമ പട്ടിക തയാറാക്കും.

# മുതലപ്പൊഴിയിൽ അപകടം വീണ്ടും: ലക്ഷങ്ങളുടെ നാശനഷ്ടം

പെരുമാതുറ : അഞ്ചുതെങ്ങ് മുതലപ്പൊഴിയിൽ മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽപ്പെട്ടു. ഇന്നലെ വെളുപ്പിന് ആറോയോടെയായിരുന്നു സംഭവം. മത്സ്യബന്ധനത്തിനു പോകവേ അഴിമുഖത്തുവച്ചു യാനങ്ങൾ തിരയിൽപ്പെടുകയായിരുന്നു. അഞ്ചുതെങ്ങ് സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ഹോളിസ്പിരിറ്റ് എന്ന വള്ളവും പെരുമാതുറ സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ഫക്രുദീൻ അലി എന്ന വള്ളവുമാണ് അപകടത്തിൽപ്പെട്ടത്.

തിരയിൽപ്പെട്ടു നിയന്ത്രണംനഷ്ടപ്പെട്ട ഫക്രുദീൻ അലിയെന്ന കാരിയർ വള്ളം ഹോളിസ്പിരിറ്റ് എന്ന ഫൈബർ വള്ളത്തിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഹോളിസ്പിരിറ്റ് വള്ളം മറിയുകയും വള്ളത്തിലുണ്ടായിരുന്ന അഞ്ചുതെങ്ങ് വേലിമുക്ക് സ്വദേശി ഔസേഫ് ആൻറണി (47) കടലിലേക്കു തെറിച്ചുവീഴുകയുമായിരുന്നു.

തുടർന്നു സമീപത്തുണ്ടായിരുന്ന വള്ളങ്ങളിലെ മത്സ്യത്തൊഴിലാളികൾ ഇയാളെ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. അപകടത്തിൽ ഹോളിസ്പിരിറ്റ് എന്ന വള്ളം പൂർണമായി തകരുകയും വള്ളത്തിലുണ്ടായിരുന്ന രണ്ട് ഔട്ട്ബോർഡ് എൻജിനുകൾ നഷ്ടപ്പെട്ടപെടുകയും ചെയ്തു. നാലു ലക്ഷത്തോളം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.

# ലൈഫ് മിഷൻ അഴിമതി കേസിൽ കുറ്റപത്രം സമർപ്പിച്ചു

## ശിവശങ്കർ പ്രതിപ്പട്ടികയിൽ ഇല്ല

കൊച്ചി: വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതി കേസിൽ സിബിഐ കുറ്റപത്രം സമർപ്പിച്ചു. സ്വപ്ന സുരേഷ് ഉൾപ്പെടെ ആറ് പ്രതികൾക്കെതിരെയാണ് എറണാകുളം സിജെഎം കോടതിയിൽ കുറ്റപത്രം നൽകിയത്. സന്തോഷ് ഈപ്പനാണ് കേസിൽ ഒന്നാം പ്രതി. എന്നാൽ, ആദ്യഘട്ടത്തിൽ പ്രതിപ്പട്ടികയിലുണ്ടായിരുന്ന മുൻ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറെ പുതിയ കുറ്റപത്രത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2018ലെ മഹാപ്രളയത്തെ തുടർന്നുള്ള പുനരധിവാസത്തിൻറെ ഭാഗമായാണ് വടക്കാഞ്ചേരിയിൽ ലൈഫ് മിഷൻ പദ്ധതിക്ക് തുടക്കമിട്ടത്. യുഎഇ റെഡ് ക്രസൻറ് നൽകിയ ധനസഹായം ഉപയോഗിച്ചായിരുന്നു നിർമ്മാണം നടത്തിയത്. എന്നാൽ പകുതിവഴിയിലെത്തിയപ്പോൾ വിദേശ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഉയർന്ന കമ്മീഷൻ ഇടപാടുകളും ക്രമക്കേടുകളും പദ്ധതിയെ വിവാദത്തിലാഴ്ത്തി. കേരളം നേരിട്ട് വിദേശ സഹായം സ്വീകരിക്കുന്നത് നിയമവിരുദ്ധമാണെന്ന വിലയിരുത്തലുകളും ഇതിനിടയിൽ ഉയർന്നിരുന്നു.

യുഎഇ റെഡ് ക്രസൻറുമായി ഒപ്പുവെച്ച കരാർ പ്രകാരം 21 കോടി രൂപയായിരുന്നു ലൈഫ് മിഷൻ പദ്ധതിക്കായി ലഭിച്ചത്. എന്നാൽ ഇതിൽ നാല് കോടി രൂപ പ്രതികൾ കമ്മീഷനായി തട്ടിയെടുത്തെന്നാണ് സിബിഐയുടെ കണ്ടെത്തൽ. വടക്കാഞ്ചേരി മുൻ എംഎൽഎ അനിൽ അക്കരയുടെ പരാതിയിലാണ് സിബിഐ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കിയത്.

# ടെസ്റ്റ് ഗ്രൗണ്ടിൽ ഡ്രൈവിംഗ് സ്കൂളുകാർക്ക് വിലക്ക്; കർശന നിർദേശവുമായി ഗതാഗത കമ്മീഷണർ

തിരുവനന്തപുരം: മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഡ്യൂട്ടിയിൽ കർശന നിബന്ധനകളുമായി ഗതാഗത കമ്മീഷണർ.

ഉദ്യോഗസ്ഥർ ജോലി സമയത്ത് പ്രൊഫഷണലിസം പാലിക്കണമെന്നും വാക്കിലും പ്രവൃത്തിയിലും മാന്യത കൈവിടരുതെന്നും പുതിയ ഉത്തരവിൽ വ്യക്തമാക്കുന്നു.അഴിമതിയും ഇടനിലക്കാരുടെ ഇടപെടലുകളും പൂർണമായി തടയുന്നതിൻറെ ഭാഗമായി ഉദ്യോഗസ്ഥർ ജോലിക്കെത്തുമ്പോൾ കൈവശമുള്ള പണം എത്രയെന്ന് രേഖപ്പെടുത്തണമെന്നും നിർദ്ദേശമുണ്ട്. ഇതിനൊപ്പം ലൈസൻസ് ടെസ്റ്റ് നടക്കുന്ന ഗ്രൗണ്ടുകളിലേക്ക് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ ഉൾപ്പെടെയുള്ള പുറത്തുനിന്നുള്ള ആരെയും പ്രവേശിപ്പിക്കരുതെന്നും ഉത്തരവിലുണ്ട്.

അതിനിടെ ഡ്രൈവിംഗ് ടെസ്റ്റുകൾ വൈകുന്നുവെന്ന വ്യാപക പരാതിയെ തുടർന്ന് മുൻ മന്ത്രി കെ.ബി. ഗണേഷ് കുമാറിൻറെ ചില തീരുമാനങ്ങൾ മോട്ടോർ വാഹന വകുപ്പ് തിരുത്തി.ഇതിൻറെ ഭാഗമായി പ്രതിദിന ടെസ്റ്റുകളുടെ എണ്ണം നാൽപതിൽ നിന്ന് അമ്പതായി ഉയർത്തിയിട്ടുണ്ട്.കൂടാതെ അടുത്ത മൂന്ന് മാസത്തേക്ക് ആഴ്ചയിൽ അഞ്ച് പ്രവൃത്തി ദിനങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ ഉണ്ടായിരിക്കും. പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറെ പ്രത്യേക നിരീക്ഷണ ചുമതലയും ഏൽപ്പിച്ചിട്ടുണ്ട്.

# പ്രതിഷേധ മാർച്ച്; 20 എഐവൈഎഫ് പ്രവർത്തകർക്കെതിരെ കേസ്

കൊച്ചി: ഡൽഹി ജന്തർ മന്തറിലെ വിദ്യാർഥി സമരത്തിനെതിരെ വിദ്വേഷ പരാമർശം നടത്തിയ ആർഎസ്എസ് നേതാവ് ടി.ജി. മോഹൻദാസിൻറെ വീട്ടിലേക്ക് പ്രതിഷേധ പ്രകടനം നടത്തിയ 20 എഐവൈഎഫ് പ്രവർത്തകർക്കെതിരെ കേസ്. നിയമവിരുദ്ധമായി സംഘം ചേരൽ, മുദ്രാവാക്യം വിളിച്ച് പൊതുജനങ്ങൾക്ക് മാർഗതടസമുണ്ടാക്കി അടക്കമുള്ള വകുപ്പുകളിലാണ് മട്ടാഞ്ചേരി പോലീസ് കേസെടുത്തത്.

ബുധനാഴ്ച വൈകുന്നേരം നാലരയോടെ ഫോർട്ട് കൊച്ചിയിൽ നിന്നും മട്ടാഞ്ചേരിയിലുള്ള ടി.ജി. മോഹൻദാസിൻറെ വീട്ടിലേക്കാണ് പ്രതിഷേധ മാർച്ച് നടത്തിയത്. കെ.ആർ. റെനീഷ്, ടി.ടി. ജിസ്മോൻ, ഷിഫാസ്, ആൽബിൻ, നിസാമുദീൻ, പ്രമേഷ്, എം.ആർ. സുർജിത് തുടങ്ങി കണ്ടാലറിയാവുന്ന 20 ഓളം പ്രവർത്തകർക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്.

# സർക്കാർ നൽകിയ ക്ലീൻ ചിറ്റ് ഹൈക്കോടതി തള്ളി; എഡിജിപി എസ്. ശ്രീജിത്തിന് തിരിച്ചടി

തിരുവനന്തപുരം: അനുമതിയില്ലാതെ വിദേശയാത്ര നടത്തിയെന്ന ആരോപണത്തിൽ എഡിജിപി എസ്. ശ്രീജിത്തിന് തിരിച്ചടി. ശ്രീജിത്തിന് അനുകൂലമായി സർക്കാർ സമർപ്പിച്ച റിപ്പോർട്ട് ഹൈക്കോടതി തള്ളി. റിപ്പോർട്ട് നൽകിയ ആഭ്യന്തര വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയെ ജസ്റ്റീസ് ബദറുദ്ദിൻ രൂക്ഷമായി വിമർശിച്ചു.

ശ്രീജിത്തിനെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ച പരാതിക്കാരനെയും ആരോപണ വിധേയനായ ഉദ്യോഗസ്ഥനെയും ഒരുമിച്ച് ഇരുത്തി കേട്ടത് ശരിയായ നടപടിയല്ലെന്ന് കോടതി നിരീക്ഷിച്ചു. ആരോപണ വിധേയൻ മുതിർന്ന പോലീസ് ഉദ്യോഗസ്ഥനായതിനാൽ പരാതിക്കാരന് സ്വതന്ത്രമായി കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

തുടർന്ന്, പരാതിക്കാരനെ വീണ്ടും കേട്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് കൂടി പരിഗണിച്ച് പുതിയ തീരുമാനമെടുക്കാൻ കോടതി നിർദ്ദേശം നൽകി. എല്ലാ നടപടികളും മൂന്നാഴ്ചക്കകം പൂർത്തിയാക്കണമെന്നും ഹർജി ഓഗസ്റ്റ് 18ന് വീണ്ടും പരിഗണിക്കുമെന്നും കോടതി വ്യക്തമാക്കി.

# വിദേശത്ത് നിന്ന് ഫണ്ട് പിരിച്ചെന്ന് വ്യക്തം; വി.ഡി.സതീശന് ക്ലീൻ ചിറ്റ് നൽകിയത് അസാധാരണമെന്ന് എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: പുനർജനി കേസിൽ മുഖ്യമന്ത്രി വി.ഡി. സതീശന് ക്ലീൻ ചിറ്റ് നൽകിയ നടപടിക്കെതിരെ വിമർശനവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ.

എല്ലാ തെളിവുകളും നിലനിൽക്കെ അന്വേഷണം അവസാനിപ്പിച്ച് കുറ്റവിമുക്തനാക്കിയത് അസാധാരണ നടപടിയാണെന്ന് അദ്ദേഹം ആരോപിച്ചു.വിദേശത്ത് പോയി ഫണ്ട് ശേഖരിക്കാൻ നിലവിലെ നിയമം അനുവദിക്കുന്നില്ലെന്നും പ്രളയകാലത്ത് സഹായം തേടാൻ മുഖ്യമന്ത്രിക്ക് പോലും അനുമതി ലഭിച്ചിരുന്നില്ലെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

വി.ഡി. സതീശൻ ഫണ്ട് അഭ്യർഥിക്കുന്നതിൻറെ വീഡിയോയും അദ്ദേഹം പുറത്തുവിട്ടു.സ്വതന്ത്ര അന്വേഷണം അവസാനിപ്പിക്കുന്നതിൽ തിടുക്കം കാണിച്ചുവെന്ന തരത്തിലാണ് രമേശ് ചെന്നിത്തലയുടെ പ്രതികരണമെന്നും ഗോവിന്ദൻ പറഞ്ഞു. വിദേശത്ത് നിന്ന് ഫണ്ട് സമാഹരിച്ചെന്ന ആരോപണത്തിൽ വ്യക്തത വേണമെന്നും കേസ് അവസാനിപ്പിച്ച് ക്ലീൻ ചിറ്റ് നൽകിയത് കേരളം ചർച്ച ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.വിദേശത്ത് നിന്ന് 22,500 പൗണ്ട് വിവിധ വ്യക്തികളിൽ നിന്നാണ് സമാഹരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. പണം വന്ന അക്കൗണ്ടിനെക്കുറിച്ചും വി.ഡി. സതീശൻ തന്നെ വിശദീകരിച്ചിട്ടുണ്ട്. വിജിലൻസ് ക്ലീൻ ചിറ്റ് നൽകിയതിനെതിരെ കൂടുതൽ അന്വേഷണം വേണം. സംഭവത്തിൽ കേന്ദ്ര ഏജൻസി അന്വേഷണം നടത്തണമെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.





പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 100 ദിന കർമപദ്ധതിയുടെ ബ്രോഷർ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ സമീപം

# പത്തു വർഷത്തെ കരിയറിന് അവസാനം; ക്രിക്കറ്റിനോട് വിട പറഞ്ഞ് രഹാനെ



മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് താരം അജിങ്ക്യ രഹാനെ വിരമിച്ചു. ക്രിക്കറ്റിൻറെ എല്ലാ ഫോർമാറ്റുകളിൽ നിന്നും വിരമിക്കുന്നതായി താരം ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച വീഡിയോയിൽ വ്യക്തമാക്കി. പത്ത് വർഷത്തിലേറെ നീണ്ട അന്താരാഷ്ട്ര കരിയറിനാണ് ഇതോടെ അവസാനം കുറിച്ചത്.

ഇന്ത്യയ്ക്കായി 85 ടെസ്റ്റുകളും 90 ഏകദിനങ്ങളും 20 ടി20 മത്സരങ്ങളും കളിച്ച രഹാനെ എല്ലാ ഫോർമാറ്റുകളിലുമായി 8,000ത്തിലധികം റൺസ് സ്വന്തമാക്കി. 2020 21 ബോർഡർഗാവസ്കർ ട്രോഫിയിൽ ഓസ്ട്രേലിയക്കെതിരെ അവരുടെ നാട്ടിൽ ഇന്ത്യ നേടിയ ചരിത്രപരമായ പരമ്പര വിജയമാണ് രഹാനെയുടെ കരിയറിലെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്.

വിരാട് കോഹ്‌ലിയുടെ അഭാവത്തിൽ ഇന്ത്യൻ ടീമിനെ നയിച്ച രഹാനെ മെൽബണിൽ നേടിയ സെഞ്ചുറിയിലൂടെയും പരിക്കുകളാൽ പ്രതിസന്ധിയിലായ ടീമിനെ വിജയത്തിലേക്ക് നയിച്ച ക്യാപ്റ്റൻസിയിലൂടെയും ശ്രദ്ധ നേടി. വിദേശ സാഹചര്യങ്ങളിൽ സാങ്കേതിക മികവുള്ള ബാറ്ററെന്ന നിലയിലും രഹാനെ ഏറെ പ്രശംസ നേടിയിരുന്നു.

2023ൽ വെസ്റ്റിൻഡീസിനെതിരെയായിരുന്നു അദ്ദേഹത്തിൻറെ അവസാന അന്താരാഷ്ട്ര മത്സരം. ടെസ്റ്റിൽ 12 സെഞ്ചുറികൾ ഉൾപ്പെടെ 5,077 റൺസ് നേടിയ രഹാനെ ടീമിലേക്കുള്ള തിരിച്ചുവരവിനായി രഞ്ജി ട്രോഫിയിൽ കളിച്ചെങ്കിലും വീണ്ടും പരിഗണിക്കപ്പെടാത്ത സാഹചര്യത്തിലാണ് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചത്.

ക്രിക്കറ്റിൽ വിജയവും തോൽവിയും ഞാൻ നേരിട്ടിട്ടുണ്ട്. എന്നാൽ തോൽക്കാത്ത ഒരേയൊരിടം നിങ്ങളുടെ ഹൃദയത്തിലാണ്. ആരാധകരുടെ സ്നേഹത്തിനും കരുതലിനും നന്ദിയുണ്ട്. എന്നെ പിന്തുണച്ച ബിസിസിഐയ്ക്കും മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷനും കുടുംബത്തിനും നന്ദി അറിയിക്കുകയാണെന്നും രഹാനെ പറഞ്ഞു.

# പോലീസ് സംഘടനകൾക്ക് മേൽ കൈവച്ച സർക്കാരിന് പൊള്ളി; ആഭ്യന്തര വകുപ്പിൻെറ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു

കൊച്ചി: സംസ്ഥാന പോലീസ് സംഘടനകളുടെ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് കനത്ത തിരിച്ചടി. കേരള പോലീസ് അസോസിയേഷൻറെ ഘടന പുനഃസംഘടിപ്പിച്ച് ആഭ്യന്തര വകുപ്പ് ഇറക്കിയ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. അതേസമയം കേസ് മൂന്നാഴ്ചയ്ക്ക് ശേഷം വീണ്ടും പരിഗണിക്കും.

കഴിഞ്ഞ 27നാണ് കേരള പോലീസ് അസോസിയേഷൻറെ അംഗത്വഘടന പുനഃസംഘടിപ്പിച്ച് ആഭ്യന്തര വകുപ്പ് ഉത്തരവിറക്കിയത്. ഈ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് കേരള പോലീസ് അസോസിയേഷനാണ് ഹൈക്കോടതിയെ സമീപിച്ചത്. സംഘടന രൂപീകരിക്കാനുള്ള ഭരണഘടനാ അവകാശത്തിൻറെ ലംഘനമാണ് സർക്കാർ നടപടി.

47 വർഷമായി പ്രവർത്തിക്കുന്ന സംഘടനയുടെ ഘടന മാറ്റിയതിൻറെ കാരണം വ്യക്തമാക്കിയിട്ടില്ലെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. സായുധ സേനാംഗങ്ങളുടെ മൗലിക അവകാശങ്ങളിൽ മാറ്റം വരുത്താൻ പാർലമെൻറിനാണ് അധികാരമെന്നും ഹർജിയിൽ വ്യക്തമാക്കിയിരുന്നു. കേസ് തീർപ്പാകുന്നത് വരെ ഉത്തരവ് നടപ്പാക്കുന്നത് തടയണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടിരുന്നു.

കേരള പോലീസ് അസോസിയേഷൻ, പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ, സീനിയർ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ എന്നിവയുടെ നിലവിലെ ഭരണസമിതികൾ പിരിച്ചുവിട്ടുകൊണ്ട് നേരത്തെ ഡിജിപി ഉത്തരവിറക്കിയിരുന്നു. പകരം അഡ്ഹോക്ക് കമ്മിറ്റികൾക്ക് ചുമതല നൽകുകയും ചെയ്തിരുന്നു.

## ആസാം പ്രളയം: മരണം 78 ആയി

ദിസ്പൂർ: ആസാമിൽ കനത്ത മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ എണ്ണം 78 ആ!യി. ശിവസാഗർ, ഗോലാഘട്ട് ജില്ലകളിലായി മൂന്ന് പേർ കൂടി മരിച്ചു.

ശിവസാഗറിൽ രണ്ട് പേരുടെയും ഗോലാഘട്ടിൽ ഒരാളുടെയും മരണമാണ് പുതുതായി സ്ഥിരീകരിച്ചത്. ഇതോടെ മരിച്ചവരുടെ എണ്ണം 78 ആയതായി ആസാം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

ശിവസാഗർ, ചരായിഡിയോ, ഗോലാഘട്ട്, ജോർഹട്ട്, നാഗോൺ, ബിശ്വനാഥ്, കാംറുപ്പ് മെട്രോപോളിറ്റൻ എന്നീ ഏഴ് ജില്ലകളിലായി 3,00,031 ആളുകളാണ് വെള്ളപ്പൊക്കത്തിൻറെ ദുരിതം അനുഭവിക്കുന്നത്. 551 ഗ്രാമങ്ങൾ വെള്ളത്തിനടിയിലാണ്.

ചരായിഡിയോ ജില്ലയാണ് വെള്ളപ്പൊക്കത്തിൽ ഏറ്റവും കൂടുതൽ ബാധിച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങളും രക്ഷാപ്രവർത്തനങ്ങളും പുരോഗമിക്കുകയാണെന്ന് അധികൃതർ അറിയിച്ചു.

# മിഷൻ 29; കേരളത്തിൽ എട്ട് സീറ്റുകൾ ലക്ഷ്യമിട്ട് ബിജെപി

തിരുവനന്തപുരം: അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള ഒരുക്കങ്ങൾ നേരത്തേ തുടങ്ങാൻ ബിജെപി. മിഷൻ 29 എന്ന പേരിൽ പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ പാർട്ടി സംസ്ഥാന നേതൃത്വം തീരുമാനിച്ചു. മണ്ഡല പുനർനിർണയത്തിലൂടെ ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം 30 ആയി ഉയർന്നാൽ ആറു മുതൽ എട്ട് സീറ്റുകൾ വരെ നേടുകയെന്ന ലക്ഷ്യത്തോടെയാണ് പാർട്ടി മുന്നോട്ടുപോകുന്നത്.

സ്ഥാനാർഥികളെയും മണ്ഡല ചുമതലക്കാരെയും നേരത്തേ നിശ്ചയിച്ച് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവമാക്കാനാണ് തീരുമാനം. അതേസമയം ഫണ്ട് തട്ടിപ്പ് ആരോപണങ്ങൾ ഉയർന്ന പശ്ചാത്തലത്തിലും സംഘടനാ ചർച്ചകളേക്കാൾ തെരഞ്ഞെടുപ്പ് തയാറെടുപ്പുകൾക്കാണ് നേതൃത്വം മുൻഗണന നൽകുന്നത്.

ലോക്സഭാ മണ്ഡലങ്ങളുടെ എണ്ണം നിലവിലെ 20 ആയി തുടർന്നാൽ നാല് സീറ്റുകൾ നേടുക എന്ന ലക്ഷ്യവും കേന്ദ്രനേതൃത്വം സംസ്ഥാന ഘടകത്തിന് മുന്നിൽ വെച്ചിട്ടുണ്ട്. തിരുവനന്തപുരം, ആറ്റിങ്ങൽ, തൃശൂർ, പത്തനംതിട്ട തുടങ്ങിയ മണ്ഡലങ്ങളിലെ സാധ്യതാ സ്ഥാനാർഥികളെ സംബന്ധിച്ച ചർച്ചകളും ഉടൻ ആരംഭിക്കുമെന്നാണ് സൂചന.

കഴിഞ്ഞ തവണ വിജയിച്ച തൃശൂർ നിലനിർത്തുന്നതിനൊപ്പം മറ്റ് മണ്ഡലങ്ങൾ പിടിച്ചെടുക്കാനാണ് പാർട്ടി തീരുമാനം.

പാർട്ടി തുടർച്ചയായി രണ്ടാം സ്ഥാനത്തുവരുന്ന തിരുവനന്തപുരത്ത് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും നേതാക്കൾ നിർദ്ദേശംനൽകി.

## ബ്രഹ്മോസ് വികസനത്തിന്90 ഏക്കർ സ്ഥലം കൂടിനൽകും

തിരുവനന്തപുരം: മിസൈലിന് ആവശ്യമായ ഘടകങ്ങൾ നിർമിക്കുന്ന ബ്രഹ്മോസ് എയറോസ്പേസിന് തിരുവനന്തപുരത്ത് 90 ഏക്കർ സ്ഥലം കൂടി അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

നേരത്തെ 90 ഏക്കർ ഭൂമി നൽകിയിരുന്നെങ്കിലും 90 ഏക്കർ കൂടി വേണമെന്ന അഭ്യർഥന മാനിച്ച് ഡിഫൻസ് റിസർച്ച് ഡവലപ്പ്മെൻറ് ഓർഗനൈസേഷനാണ് (ഡിആർഡിഒ) ഭൂമി അനുവദിക്കുന്നതെന്നു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

# മദ്യം വാങ്ങാൻ പണം നൽകിയില്ല; അമ്മയെ കൊലപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

ന്യൂഡൽഹി: ഡൽഹിയിലെ മൈദാൻ ഗഢയിൽ മദ്യം വാങ്ങാൻ പണം നൽകാത്തതിനെ തുടർന്ന് അമ്മയെ തല്ലിക്കൊന്ന യുവാവ് അറസ്റ്റിൽ. ഖർക് സ്വദേശിനി ചിന്താദേവി (60) യെയാണ് മകൻ ആമോദ് കൊലപ്പെടുത്തിയത്.

ടൈൽ കരാറുകാരനായ ആമോദിൻറെ കുടുംബത്തിൽ വഴക്കുകളും ആക്രമങ്ങളും പതിവായിരുന്നു. മദ്യം വാങ്ങാൻ പണം നൽകാത്തതിനെ തുടർന്ന് ചിന്താദേവിയെ ഇയാൾ മർദിച്ചു. വിവരം അറിഞ്ഞ ഉടൻ തന്നെ പോലീസ് സ്ഥലത്തെത്തിയപ്പോൾ ചിന്താദേവിയെ പരിക്കേറ്റ നിലയിൽ കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സംഭവത്തിൽ കേസെടുത്ത് പോലീസ് ആമോദിനെ അറസ്റ്റ് ചെയ്തു. സംഭവസമയത്ത് പ്രതി മദ്യപിച്ചിരുന്നോ എന്ന് പോലീസ് അന്വേഷിച്ച് വരികയാണ്.

## അഞ്ചുതെങ്ങിൽ കാർ ഇടിച്ചു ട്രാൻസ്ഫോർമർ തകർന്നു

ചിറയിൻകീഴ്: അഞ്ചുതെങ്ങ് മൂലയ്ത്തോട്ടത്ത് അമിതവേഗത്തിൽ വന്ന കാർ ട്രാൻസ്ഫോർമർ ഇടിച്ചു തകർത്തു. വഴിയാത്രക്കാരനു ഗുരുതര പരിക്ക്. അഞ്ചുതെങ്ങ് സ്വദേശി ഷിബിനാ (17)ണു പരിക്കേറ്റത്. ഇദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽ കോളജിലേക്കു മാറ്റി. ഇടിച്ച കാറിൽ സഞ്ചരിച്ച മറ്റുള്ളവരുടെ പരിക്കുകൾ ഗുരുതരമല്ല. ചൊവ്വാഴ്ച രാത്രി പത്തോടെയായിരുന്നു സംഭവം.

മുതലപ്പൊഴി ഭാഗത്തുനിന്നുവന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. വാഹനം നിയന്ത്രണംവിട്ടു ട്രാൻസ്ഫോമറിൽ ഇടിച്ചു കയറുകയായിരുന്നു. ട്രാൻസ്ഫോമർ പൂർണമായും തകർന്നു. സമീപത്തെ നിരവധി ഇലക്ട്രിക് പോസ്റ്റുകൾ മറിയുകയും വൈദ്യുതി തടസപ്പെടുകയും ചെയ്തു. നിലവിൽ അലുമിനിയം കമ്പികൾ മാറ്റി കേബിളുകൾ സ്ഥാപിച്ചതിനാൽ വൻ ദുരന്തം ഒഴിവായി.

# പാക് ബന്ധമെന്ന് സംശയം; ബേപ്പൂരിൽ ബംഗാൾ സ്വദേശി കസ്റ്റഡിയിൽ

കോഴിക്കോട്: മത്സ്യബന്ധന ബോട്ടിൽ ജോലിക്കെത്തിയ ബംഗാൾ സ്വദേശിയായ യുവാവിനെ പാകിസ്ഥാൻ ബന്ധം സംശയിച്ച് ബേപ്പൂർ പോലീസ് കസ്റ്റഡിയിലെടുത്തു. പാകിസ്ഥാൻ സ്വദേശിയുമായി ഇയാൾ നിരന്തരം വാട്സാപ് ചാറ്റ് നടത്തിയതായി പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്.

ഉച്ചയോടെ ഹാർബറിൽ എത്തിയ ഇയാളുടെ പെരുമാറ്റത്തിൽ സംശയം തോന്നിയതിനെത്തുടർന്നാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. ബോട്ടിൽ ജോലിക്ക് എത്തിയതാണെന്നായിരുന്നു ഇയാളുടെ മൊഴിയെങ്കിലും, ഏത് ബോട്ടിലാണെന്ന് വ്യക്തമാക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ആധാർ രേഖകൾ പരിശോധിച്ചാണ് ഇയാൾ ബംഗാൾ സ്വദേശിയാണെന്ന് തിരിച്ചറിഞ്ഞത്.

തനിക്ക് യൂട്യൂബ് ചാനൽ ഉണ്ടെന്നും, അതുവഴി പരിചയപ്പെട്ടാണ് പാക് സ്വദേശിയുമായി ചാറ്റ് ചെയ്തതെന്നുമാണ് യുവാവ് നൽകിയിരിക്കുന്ന വിശദീകരണം. എന്നാൽ ഈ മൊഴി പൂർണ്ണമായി വിശ്വാസത്തിലെടുക്കാൻ അന്വേഷണ സംഘം തയാറായിട്ടില്ല. ബേപ്പൂർ സ്റ്റേഷനിൽ വെച്ച് പോലീസും കേന്ദ്ര ഇൻറലിജൻസ് ബ്യൂറോയും കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥരും ചേർന്ന് ഇയാളെ ചോദ്യം ചെയ്തു വരികയാണ്.

ഇയാളുടെ ഫോണും മറ്റ് രേഖകളും വിശദമായി പരിശോധിച്ചു വരികയാണെന്ന് ഫറോക്ക് അസിസ്റ്റൻറ് കമ്മിഷണർ എ. പ്രേംജിത്ത് അറിയിച്ചു.

# വടകര എംഡിഎംഎ കേസ്: അറസ്റ്റിലായ അധ്യാപികമാർ ഇടത് സംഘടനയിലെ മുൻ ഭാരവാഹികൾ

കോഴിക്കോട്: വടകര ഓപ്പറേഷൻ തൂഫാൻ അന്വേഷണത്തിൻറെ ഭാഗമായി എംഡിഎംഎ ലഹരിമരുന്നു കേസിൽ അറസ്റ്റിലായ സ്പെഷലിസ്റ്റ് എജ്യുക്കേറ്റർമാരായ അധ്യാപികമാർ ഇടത് സംഘടനയിലെ മുൻ ഭാരവാഹികൾ. പ്രതികളായ നീഷ്മ, കാവ്യ എന്നിവർ കേരള റിസോഴ്സ് ടീച്ചേഴ്സ് അസോസിയേഷൻറെ (കെആർടിഎ) പേരാമ്പ്ര യൂണിറ്റ് ഭാരവാഹികളായി പ്രവർത്തിച്ചിരുന്നവരാണ്.

കഴിഞ്ഞ വർഷം പേരാമ്പ്രയിൽ വെച്ച് നടന്ന സംഘടനയുടെ കോഴിക്കോട് ജില്ലാ സമ്മേളനത്തിലാണ് ഇരുവരെയും ഭാരവാഹികളായി തെരഞ്ഞെടുത്തത്. എന്നാൽ മറ്റാരും ഭാരവാഹിത്വം ഏറ്റെടുക്കാൻ തയാറാകാത്തതുകൊണ്ടാണ് ഇവരെ ചുമതല ഏൽപ്പിച്ചതെന്ന് സംഘടനാ ഭാരവാഹികൾ വ്യക്തമാക്കുന്നു.

അധ്യാപികമാർക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് സംഘടന അന്ന് പുറത്തിറക്കിയ പോസ്റ്ററുകൾ നിലവിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

അറസ്റ്റിന് പിന്നാലെ ഇവരെ സംഘടനയിൽനിന്ന് പുറത്താക്കിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഈ വർഷം ഇവർ സംഘടനാ അംഗത്വം പുതുക്കിയിരുന്നില്ലെന്നും കെആർടിഎയുമായി ബന്ധപ്പെട്ടവർ അറിയിച്ചു. എംഡിഎംഎ കേസിൽ പിടിയിലായവർ ഇടത് അനുഭാവികളാണെന്ന് നേരത്തെ തന്നെ ആരോപണങ്ങൾ ഉയർന്നിരുന്നു.

# പോസ്റ്ററിൽ പാറ്റ; എംജി സർവകലാശാലയിൽ വിസി യൂണിയൻ പോര്

കോട്ടയം: എംജി സർവകലാശാല നാഷണൽ കോൺഫറൻസിൻറെ പോസ്റ്ററിൽ പാറ്റായുടെ ചിത്രം വച്ചതിൽ വിസിയൂണിയൻ പോര് മുറുകുന്നു. പാറ്റായുടെ ചിത്രം വച്ച പോസ്റ്ററുകളും ഫ്ലെക്സുകളും നീക്കം ചെയ്യണമെന്ന വിസിയുടെ നിർദേശം വിദ്യാർഥി യൂണിയനും എസ്എഫ്ഐയും തള്ളിയതോടെയാണ് പ്രശ്നം രൂക്ഷമായത്.

വിവാദ ചിത്രങ്ങൾ മാറ്റിയില്ലെങ്കിൽ നാഷണൽ കോൺഫറൻസിന് അനുവദിച്ച തുക തിരിച്ചുപിടിക്കുമെന്ന് വിസി മുന്നറിയിപ്പ് നൽകി. അടുത്തയാഴ്ച നടക്കുന്ന നാഷണൽ കോൺഫറൻസിൻറെ പ്രാചരണ സാമഗ്രികളിലാണ് പാറ്റയുടെ ചിത്രങ്ങളും സംഘപരിവാർ വിരുദ്ധ പരാമർശങ്ങളും ഉൾപ്പെട്ടത്. ഇതിനെതിരെ കഴിഞ്ഞ ദിവസം വിസി ഡി. മാവൂദ് സർക്കുലർ പുറത്തിറക്കി പോസ്റ്ററുകൾ നീക്കം ചെയ്യാൻ നിർദേശിച്ചിരുന്നു.

എന്നാൽ ഇതിന് പിന്നാലെ കൂടുതൽ പോസ്റ്ററുകളും ഫ്ലെക്സുകളും സ്ഥാപിച്ച് വിദ്യാർഥി സംഘടനകൾ നിലപാട് വ്യക്തമാക്കി. സർവകലാശാല ഫണ്ടിൽ നിന്ന് അനുവദിച്ച 3.75 ലക്ഷം രൂപയിൽ 2.81 ലക്ഷം രൂപ വിദ്യാർഥി യൂണിയന് കൈമാറിയിരുന്നു. എംജി യൂണിവേഴ്സിറ്റി സ്റ്റുഡൻറ്സ് കോഡ് ഓഫ് കണ്ടക്ട് ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടിയാണ് തുക തിരിച്ചുപിടിക്കാനുള്ള നീക്കം നടത്തുന്നത്.

# 'ഇറാനെ അടിച്ചൊതുക്കും': അമേരിക്കൻ ബേസിന് നേർക്ക് നടന്ന മിസൈലാക്രമണത്തിന് പിന്നാലെ ട്രംപിൻറെ മുന്നറിയിപ്പ്

വാഷിംഗ്ടൺ: മിഡിൽ ഈസ്റ്റിലെ അമേരിക്കൻ സൈനിക താവളത്തിന് നേരെ ഇറാൻ നടത്തിയ ബാലിസ്റ്റിക് മിസൈലാക്രമണത്തിന് പിന്നാലെ കടുത്ത സൈനിക തിരിച്ചടി നൽകുമെന്ന മുന്നറിയിപ്പുമായി യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഫോക്സ് ന്യൂസിന് നൽകിയ ഫോൺ അഭിമുഖത്തിലാണ് ട്രംപ് ഇറാനെതിരെ ആഞ്ഞടിച്ചത്.

ഇറാനെ കഠിനമായി അടിച്ചൊതുക്കുമെന്നും കനത്ത പ്രഹരമായിരിക്കും നൽകുകയെന്നും അദ്ദേഹം വ്യക്തമാക്കി. ജോർദാനിലെ യുഎസ് സൈനിക താവളത്തിന് നേരെ യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്നുണ്ടായ ആക്രമണമായിരുന്നു ഇതെന്ന് ട്രംപ് പറഞ്ഞു. എന്നാൽ മിസൈലുകൾ ലക്ഷ്യസ്ഥാനത്ത് പതിക്കുന്നതിന് മുമ്പ് തന്നെ യുഎസ് സൈന്യം വിജയകരമായി അവ തകർക്കുകയായിരുന്നു.

എല്ലാ മിസൈലുകളും പ്രതിരോധിച്ചതിനാൽ അമേരിക്കൻ ഭാഗത്ത് നാശനഷ്ടങ്ങളൊന്നും ഉണ്ടായിട്ടില്ലെന്ന് യുഎസ് സെൻട്രൽ കമാൻഡ് സ്ഥിരീകരിച്ചു. അതേസമയം, ഇറാഖിൽ ഇറാൻറെ പിന്തുണയോടെ പ്രവർത്തിക്കുന്ന മിലിഷ്യ ഗ്രൂപ്പുകൾക്കെതിരെ അമേരിക്കയും സൗദി അറേബ്യയും സംയുക്തമായി നടത്തിയ വ്യോമാക്രമണങ്ങളെ ട്രംപ് ന്യായീകരിച്ചു.

ഇത്തരം ഭീകരസംഘടനകൾ ലോകത്തിന് തന്നെ ഒരു 'കാൻസർ' ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മേഖലയിൽ സൈനിക പിരിമുറുക്കം ശക്തമായി തുടരുമ്പോഴും ഇറാനുമായുള്ള നയതന്ത്ര ചർച്ചകൾ തുടരുമെന്ന് ട്രംപ് വ്യക്തമാക്കി.

# ഇങ്ങനെ തോൽക്കുമെന്ന് കരുതിയില്ല; എൽഡിഎഫ് പരാജയകാരണം തുറന്നുപറഞ്ഞ് ഷംസീർ

മലപ്പുറം: സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ എൽഡിഎഫ് നേരിട്ട കനത്ത പരാജയത്തിൻറെ കാരണങ്ങൾ പരസ്യമായി തുറന്നുസമ്മതിച്ച് മുതിർന്ന സിപിഎം നേതാവും മുൻ സ്പീക്കറുമായ എ.എൻ. ഷംസീർ. മലപ്പുറത്ത് ഒരു ചടങ്ങിൽ സംസാരിക്കവെയാണ് അദ്ദേഹം തെരഞ്ഞെടുപ്പ് ഫലത്തിലെ വീഴ്ചകൾ തുറന്നുകാട്ടിയത്.

ചില മണ്ഡലങ്ങളിലെ സ്ഥാനാർഥി നിർണയം പാളിയതും വെള്ളാപ്പള്ളി നടേശനെ ചേർത്തുപിടിച്ചുകൊണ്ടുള്ള രാഷ്ട്രീയ നീക്കങ്ങളും മുന്നണിക്ക് തിരിച്ചടിയായെന്ന് ഷംസീർ വ്യക്തമാക്കി. തളിപ്പറമ്പിലും പയ്യന്നൂറിലും നടപ്പിലാക്കിയ സ്ഥാനാർഥി നിർണയം തെറ്റാണെന്ന പ്രചാരണങ്ങളിൽ വസ്തുതയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വെള്ളാപ്പള്ളിയുടെ വർഗീയ അധിക്ഷേപങ്ങളെ പാർട്ടിക്ക് വേണ്ടവിധത്തിൽ പ്രതിരോധിക്കാൻ സാധിച്ചില്ല. അയ്യപ്പസംഗമ വിഷയം ഉയർത്തിയ പ്രതികൂല തരംഗം പരാജയത്തിന് ആക്കം കൂട്ടിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മൂന്നാമതൊരു ഭരണം വരുമെന്നാണ് പ്രതീക്ഷിച്ചതെന്നും, ഇങ്ങനെ തോൽക്കുമെന്ന് കരുതിയിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. വോട്ടെണ്ണലിൻറെ തുടക്കത്തിൽ പോസ്റ്റൽ വോട്ടുകളിൽ മുന്നിലെത്തിയെങ്കിലും പിന്നീട് എല്ലാം ഒലിച്ചുപോകുന്ന കാഴ്ചയാണ് കണ്ടതെന്നും ഷംസീർ പ്രസംഗത്തിനിടെ കൂട്ടിച്ചേർത്തു.

# ബഹിരാകാശ സാങ്കേതികവിദ്യ മനുഷ്യരാശിയുടെയും പുരോഗതിക്ക് വിനിയോഗിക്കണം: ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

**ഐ ഐ എസ് ടി 14-ാ മത് ബിരുദദാനം നടന്നു**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ ബിരുദധാരികൾ നേടിയ അറിവും ഗവേഷണ മികവും രാജ്യത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കായി വിനിയോഗിക്കണമെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഐ ഐ എസ് ടി വലിയമല ക്യാമ്പസിൽ നടന്ന 14-ാമത് ബിരുദദാന ചടങ്ങിൽ ബിരുദദാന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ബിരുദവും മെഡലുകളും സമ്മാനിക്കുന്നതിനേക്കാൾ, രാജ്യത്തിന്റെ ഭാവി നിർമിക്കുന്ന യുവപ്രതിഭകൾക്കൊപ്പമുള്ള ഈ നിമിഷമാണ് തനിക്ക് അഭിമാനകരമെന്ന് ഗവർണർ പറഞ്ഞു. മാതാപിതാക്കളുടെയും അധ്യാപകരുടെയും ത്യാഗവും സമർപ്പണവുമാണ് വിദ്യാർഥികളുടെ വിജയത്തിന് അടിത്തറയായത്. അതിനാൽ അവരോടുള്ള നന്ദിയും കടപ്പാടും ജീവിതകാലം മുഴുവൻ കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഐ ഐ എസ് ടി യിൽ നിന്ന് നേടിയ അറിവ് വ്യക്തിപരമായ നേട്ടങ്ങളിൽ ഒതുങ്ങരുത്. സമൂഹത്തിനും രാജ്യത്തിനും തിരികെ നൽകേണ്ട ഉത്തരവാദിത്വം ഓരോ ബിരുദധാരിക്കുമുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസ നയം തൊഴിൽ തേടുന്നവരെയല്ല, തൊഴിൽ സൃഷ്ടിക്കുന്നവരെയാണ് ലക്ഷ്യമിടുന്നത്. സ്റ്റാർട്ടപ്പുകൾ അതിലേക്കുള്ള പ്രധാന മാർഗമാണ്.

'ആകാശമാണ് അതിർത്തി' എന്ന പ്രയോഗം ഇനി പ്രസക്തമല്ലെന്നും ബഹിരാകാശം പോലും യുവശാസ്ത്രജ്ഞരുടെ സ്വപ്നങ്ങൾക്കും ഗവേഷണത്തിനും അതിരല്ല. വിക്രം സാരാഭായിയുടെ ദീർഘവീക്ഷണത്തിലൂടെ ആരംഭിച്ച ഇന്ത്യയുടെ ബഹിരാകാശ യാത്ര ഇന്ന് ലോകത്തിന് മാതൃകയായ നേട്ടങ്ങളിലേക്ക് വളർന്നു. ഇന്ത്യയുടെ ശാസ്ത്ര-സാങ്കേതിക രംഗത്തെ മുന്നേറ്റം രാജ്യത്തിന്റെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ടെന്നും വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ യുവശാസ്ത്രജ്ഞരുടെ പങ്ക് നിർണായകമാണെന്നും ഗവർണർ പറഞ്ഞു.

2047-ഓടെ വികസിത രാഷ്ട്രമാകാനുള്ള ഇന്ത്യയുടെ യാത്രയിൽ ഓരോ ബിരുദധാരിയും സ്വന്തം സംഭാവന എന്തായിരിക്കുമെന്ന് ഇന്നുതന്നെ തീരുമാനിക്കണം. മനുഷ്യത്വവും സാമൂഹിക പ്രതിബദ്ധതയും ചേർന്ന ഗവേഷണമാണ് സമൂഹത്തിന് ഗുണകരമാകുന്നത്. ലബോറട്ടറികളിൽ ഒതുങ്ങുന്ന അറിവിന് പകരം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന നവീകരണങ്ങളാണ് രാജ്യം പ്രതീക്ഷിക്കുന്നത്. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ലഭിച്ച അവസരം രാജ്യസേവനത്തിനായി വിനിയോഗിക്കാൻ ബിരുദധാരികൾ പ്രതിജ്ഞാബദ്ധരാകണമെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

ചടങ്ങിൽ വിദ്യാർഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ ഗവർണർ സമ്മാനിച്ചു. അക്കാദമിക് രംഗത്ത് മികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള മെഡലുകളും പുരസ്കാരങ്ങളും അദ്ദേഹം വിതരണം ചെയ്തു.

ഐ ഐ എസ് ടി ചാൻസലർ ഡോ. ബി എൻ സുരേഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിക്രം സാരാഭായി സ്പേസ് സെന്റർ ഡയറക്ടർ ഡോ. രാജീവ് യു പി വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഐ ഐ എസ് ടി വൈസ് ചാൻസലർ പ്രൊഫ. ദീപാങ്കർ ബാനർജി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഐ എസ് ആർ ഒ ചെയർമാനും ഐ ഐ എസ് ടി ഗവേണിംഗ് ബോഡി പ്രസിഡന്റുമായ ഡോ. വി നാരായണൻ, ഐ ഐ എസ് ടി പ്രോ വൈസ് ചാൻസലർ ഡോ. കുരുവിള ജോസഫ്, എൽ പി എസ് സി ഡയറക്ടർ ഡോ. ജയൻ എൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈ കമ്മീഷണർ സുതാപ ചൗധരി മുഖ്യമന്ത്രി വി ഡി സതീശനെ സന്ദർശിച്ചപ്പോൾ

## പുനർജനി കേസിൽ വി.ഡി. സതീശന് ക്ലീൻചിറ്റ്; വിജിലൻസ് അന്വേഷണത്തിൽ തെളിവ് കണ്ടെത്താനായില്ല

തിരുവനന്തപുരം: പുനർജനി പദ്ധതി ആരോപണത്തിൽ മുഖ്യമന്ത്രി വി.ഡി.സതീശന് ക്ലീൻചിറ്റ്. സതീശനെതിരായ എല്ലാ നടപടികളും അവസാനിപ്പിച്ചതായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു.

വിജിലൻസ് അന്വേഷണത്തിൽ ഒരു തെളിവും കണ്ടെത്താനായില്ല. ഈ സാഹചര്യത്തിൽ കേസിൽ നിന്നും സതീശനെ ഒഴിവാക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

സതീശൻ നേരിട്ട് ഒരു രൂപയുടെ പോലും ഇടപാട് നടത്തിയിട്ടില്ലെന്നാണ് വിജിലൻസ് കണ്ടെത്തൽ. കേസിൽ സതീശനെതിരേ തെളിവില്ലെന്ന വിജിലൻസിൻറെ നിഗമനം യുഡിഎഫ് സർക്കാർ അധികാരമേൽക്കുന്നതിന് മുമ്പുള്ളതാണെന്നും മന്ത്രി വ്യക്തമാക്കി. കേസ് സിബിഐക്ക് വിടാനുള്ള എൽഡിഎഫ് സർക്കാരിൻറെ ശിപാർശ രാഷ്ട്രീയ പ്രേരിതമായിരുന്നെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

## തൈക്കാട്ടുശേരിയിൽ ബിവറേജ് ഔട്ട്ലെറ്റിന് മുന്നിൽ ഗുണ്ടാ ആക്രമണം; വയോധികന് ക്രൂരമർദനം

ആലപ്പുഴ: തൈക്കാട്ടുശേരി ബിവറേജസ് ഔട്ട്ലെറ്റിന് മുന്നിൽ മദ്യം വാങ്ങാനെത്തിയ വയോധികനെ ഗുണ്ടാസംഘം ക്രൂരമായി മർദ്ദിച്ചു. ഔട്ട്ലെറ്റിൽ ക്യൂ നിന്നിരുന്ന മറ്റുള്ളവർ നോക്കിനിൽക്കെയായിരുന്നു സംഭവം. യുവാക്കളുടെ സംഘം വയോധികനെ പരസ്യമായി മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്യുകയായിരുന്നു. ഔട്ട്ലെറ്റിലെത്തുന്നവരിൽ നിന്ന് സംഘം സ്ഥിരമായി ഗുണ്ടാപ്പിരിവ് ഈടാക്കുന്നതായി നാട്ടുകാർ ആരോപിക്കുന്നു. പണം നൽകാൻ തയാറാകാത്തവരെയും ചോദ്യം ചെയ്യുന്നവരെയും ലക്ഷ്യമിട്ട് ആക്രമണം നടത്തുന്നത് ഇവിടെ പതിവായിരിക്കുകയാണ്. ഇവരുടെ ശല്യം കാരണം സാധാരണക്കാരായ ആളുകൾ കടുത്ത ഭയത്തോടെയാണ് ഇവിടേയ്ക്ക് എത്തുന്നത്. പ്രദേശത്ത് പോലീസിൻറെ ശക്തമായ നിരീക്ഷണം വേണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## ഡൽഹി പോലീസിന് തിരിച്ചടി; ഐഷി ഘോഷിനെതിരായ ജാമ്യമില്ലാ വാറണ്ട് റദ്ദാക്കി

ന്യൂഡൽഹി: എസ്എഫ്ഐ നേതാവ് ഐഷി ഘോഷിനെതിരായ ജാമ്യമില്ലാ വാറണ്ട് റദ്ദാക്കി. ഡൽഹി പാട്യാല ഹൗസ് കോടതിയുടേതാണ് നടപടി.

അഞ്ച് വർഷം മുമ്പുള്ള കേസിലെ അറസ്റ്റ് വാറണ്ട് കോടതി ബുധനാഴ്ച സ്റ്റേ ചെയ്തിരുന്നു. ഐഷി നൽകിയ അപേക്ഷയിലായിരുന്നു നടപടി. ഇതിന് പിന്നാലെയാണ് റദ്ദാക്കിക്കൊണ്ടുള്ള നടപടി. നേരത്തെ അയച്ച സമൻസിൽ ഹാജരാകാത്തതിന് 1000 രൂപ പിഴ അടയ്ക്കണമെന്നും കോടതി നിർദേശിച്ചു.

2021ൽ ബംഗ്ലാ ഭവനിലേക്ക് നടത്തിയ മാർട്ടുമായി ബന്ധപ്പെട്ട കേസിൽ പട്യാല ഹൗസ് കോടതി ഏപ്രിൽ 15നാണ് ഐഷി ഘോഷിനെതിരെ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ചത്. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും ഈ വാറണ്ടുമായി ബന്ധപ്പെട്ട് ഔദ്യോഗികമായ സമൻസോ അറിയിപ്പോ നൽകിയിരുന്നില്ല.

തുടർന്ന് ജന്തർ മന്തറിലെ പ്രതിഷേധത്തിന് ശേഷമാണ് ഈ കേസിൽ വീണ്ടും പോലീസ് നടപടികൾ ഉണ്ടാകുന്നത്. നീറ്റ് ചോദ്യച്ചോർച്ചാ സമരത്തിന് നേതൃത്വം നൽകിയ ഐഷിയെ തടങ്കലിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് പോലീസ് എത്തിയതെന്ന് വിമർശനം ഉയർന്നിരുന്നു.

ഇതിൻറെ ഭാഗമായി സമരത്തിൽ മുൻനിരയിലുണ്ടായിരുന്ന ഐഷിയെ ലക്ഷ്യമിട്ട് ചൊവ്വാഴ്ച വൈകുന്നേരം ഡൽഹി പോലീസ് എകെജി ഭവനിലെത്തിയിരുന്നു. വർഷങ്ങൾ പഴക്കമുള്ള കേസ് കുത്തിപ്പൊക്കി ഐഷിയെ അറസ്റ്റ് ചെയ്യാനായിരുന്നു പോലീസിൻറെ ശ്രമം എന്നാരോപിച്ച് വ്യാപക പ്രതിഷേധമാണ് ഇതിനെതിരെ ഉയർന്നത്.

### ഹോട്ടലിൽ മുറിയെടുത്ത് എംഡിഎംഎ കച്ചവടം; യുവതിയും യുവാവും പിടിയിൽ

കൊച്ചി: ഹോട്ടലിൽ മുറിയെടുത്ത് എംഡിഎംഎ വിൽപ്പന നടത്തി വന്ന യുവതിയും യുവാവും എക്സൈസിൻറെ പിടിയിൽ. ആലപ്പുഴ സ്വദേശികളായ മുഹമ്മദ് ഷാഫി, സരിത എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്ന് 90 ഗ്രാം എൻഡിഎംഎ കണ്ടെടുത്തു.

സ്ഥിരമായി ഹോട്ടലിൽ മുറിയെടുത്ത് ലഹരിക്കച്ചവടം നടത്തുന്ന ആളുകളാണ് ഇരുവരും. ഇവർ പോലീസിൻറെ നിരീക്ഷണത്തിലായിരുന്നു. മുഹമ്മദ് ഷാഫി എംഡിഎംഎ എത്തിക്കാനായി ബെംഗളൂരുവിലേക്ക് പോയപ്പോഴാണ് എക്സൈസ് എത്തി മുറി പരിശോധിച്ചത്.

ഹോട്ടലിൽ മുറിയെടുത്ത് ഇടനിലക്കാർ വഴിയായിരുന്നു ലഹരിക്കച്ചവടം. കൂട്ടാളിയായ സരിതയുടെ വീട്ടിൽ നടത്തിയ പരിശോധനയിലും എംഡിഎംഎ പിടികൂടിയിട്ടുണ്ട്.

## യുക്രെയ്ൻ തുറമുഖത്ത് ഡ്രോൺമിസൈൽ ഭീഷണി; 13 ഇന്ത്യൻ നാവികർ കുടുങ്ങി, ഇടപെടലുമായി എംബസി

കീവ്: യുക്രെയ്നിലെ കരിങ്കടൽ തീരത്തുള്ള ചോർണോമോർസ്ക് തുറമുഖത്ത് നങ്കൂരമിട്ട ചരക്കുകപ്പലിൽ 13 ഇന്ത്യൻ നാവികർ കുടുങ്ങിക്കിടക്കുന്ന സംഭവത്തിൽ അടിയന്തര ഇടപെടലുമായി ഇന്ത്യൻ എംബസി.

തുടർച്ചയായി ഡ്രോൺ, മിസൈൽ ആക്രമണഭീഷണി നേരിടുന്ന എംവി ആമിർ1 എന്ന കപ്പലിലെ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ബന്ധപ്പെട്ട അധികൃതരുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നു കീവിലെ ഇന്ത്യൻ എംബസി അറിയിച്ചു.

നാവികരുടെ സുരക്ഷയ്ക്കു പ്രഥമ പരിഗണന നൽകുന്നുണ്ടെന്നും ഇവരെ സുരക്ഷിതമായി ഒഴിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും എംബസി അറിയിച്ചു. 15 ജീവനക്കാരാണു കപ്പലിലുള്ളത്. അതിൽ 13 പേരും ഇന്ത്യക്കാരാണ്.

കപ്പൽ സ്ഥിതിചെയ്യുന്ന പ്രദേശത്തിനു തൊട്ടടുത്ത് വൻതോതിൽ ഡ്രോൺ മിസൈൽ ആക്രമണങ്ങൾ നടക്കുന്നുണ്ടെന്നും ഏതുസമയവും കപ്പലിനു നേരേ ആക്രമണമുണ്ടാകാമെന്ന ഭീതിയിലാണ് ജീവനക്കാരെന്നും ഫോർവേഡ് സീമെൻസ് യൂണിയൻ ഓഫ് ഇന്ത്യ വെളിപ്പെടുത്തി.

കഴിഞ്ഞ 25ന് യുക്രെയ്നിലെ ഒഡെസ തുറമുഖത്തു വച്ച് എംവി എജിഎൻ രഗ്നാർ എന്ന ചരക്കുകപ്പലിന് നേരേ ആക്രമണമുണ്ടായതിന് ദിവസങ്ങൾക്കു ശേഷമാണ് പുതിയ സംഭവം. അന്നത്തെ ആക്രമണത്തിൽ രണ്ട് ഇന്ത്യൻ നാവികരെ കാണാതായിരുന്നു. ഇവരെ കണ്ടെത്താനുള്ള തെരച്ചിൽ യുക്രെയ്ൻ അധികൃതരുമായി ചേർന്നു നടത്തിവരികയാണെന്നും എംബസി അറിയിച്ചു.

### അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിങ് എഡ്യുക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡാറ്റാ എൻട്രി, ഡിടിപി, ടാലി, ഓട്ടോകാഡ് 2 ഡി, ഓട്ടോകാഡ് 3 ഡി, പ്രോഗ്രാമിങ് ലാംഗ്വേജസ് (സി, സി++, ജാവ, പൈത്തൺ, വെബ് ഡിസൈനിങ്) എഐ ടൂൾസ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

വിശദ വിവരങ്ങൾക്ക്: 0471-2490670.

## വയനാട്ടിലെ വന്യമൃഗശല്യം: 60 കിലോമീറ്ററിൽ സോളാർ ഫെൻസിസിംഗ് സ്ഥാപിക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ

വയനാട്: ജില്ലയിലെ കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ വനമേഖലയിൽ 60 കിലോമീറ്റർ ദൂരത്തിൽ പുതിയ സോളാർ ഫെൻസിംഗ് നടപ്പാക്കുമെന്ന് വനംവന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ. കൽപ്പറ്റയിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് അദ്ദേഹം അറിയിച്ചത്. കേടായ 25 കിലോമീറ്റർ ഫെൻസിംഗ് കൂടി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കും.

വനപ്രദേശങ്ങളുടെ ആവാസവ്യവസ്ഥയും വാഹകശേഷിയും ശാസ്ത്രീയമായി പഠിക്കാൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടുവ, ആന എന്നിവയുടെ കൃത്യമായ കണക്കെടുപ്പ് ഇതിൻറെ ഭാഗമായി നടക്കും. പിടികൂടുന്ന കടുവകളെ ഇതര ടൈഗർ റിസർവുകളിലേക്ക് മാറ്റുന്നത് സംബന്ധിച്ച് കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും ഓഗസ്റ്റ് ആറിന് പാലക്കാട് ഇത് സംബന്ധിച്ച് ഉന്നതതല യോഗം ചേരുമെന്നും മന്ത്രി വ്യക്തമാക്കി.

പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിൻറെ ഭാഗമായി വയനാട്ടിൽ നാല് പുതിയ റാപ്പിഡ് റെസ്പോൺസ് ടീമുകളെക്കൂടി നിയമിക്കും. വനമേഖലയിലെ 100 കിലോമീറ്റർ റോഡുകൾ കാടുവെട്ടിത്തെളിച്ച് വൃത്തിയാക്കും. വനപാലകർക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളും നൽകും.

കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജനപ്രതിനിധികളുടെയും ജനജാഗ്രത സമിതികളുടെയും കൂട്ടായ്മ ഉറപ്പാക്കും. കർഷകരുടെ ഭൂമി പൂർണ്ണമായും അവർക്ക് ലഭിക്കുമെന്നും വനഭൂമി സംരക്ഷിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിവിധ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനായി ഓഗസ്റ്റ് ഒന്നുമുതൽ സംസ്ഥാന വ്യാപകമായി വനം വകുപ്പ് അദാലത്തുകൾ സംഘടിപ്പിക്കും. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം, കേസുകളുടെ തീർപ്പാക്കൽ, ഭൂമിയുടെ എൻഒസി സംബന്ധമായ തടസങ്ങൾ എന്നിവ ഈ അദാലത്തുകളിലൂടെ പരിഹരിക്കുമെന്നും മന്ത്രി അറിയിച്ചു.

### അഭിമുഖം

2026-27 അധ്യയന വർഷത്തിൽ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിൽ ഇക്കണോമിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച് ആഗസ്റ്റ് 5 രാവിലെ 10ന് കോളേജിൽ വച്ച് നടക്കും. ഉദ്യോഗാർഥികൾക്ക് നിലവിലെ യു ജി സി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനം നേടുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കണം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേജ് രജിസ്റ്റർ ചെയ്തിട്ടുള്ളവർ പൂരിപ്പിച്ച ബയോഡേറ്റയും എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം നേരിട്ട് അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0490 2346027.

## 24 മണിക്കൂറിലേറെ നീണ്ട പറക്കൽ; ചരിത്രയാത്രയുമായി ഖാൻറാസ് വിമാനം

മെൽബൺ: ഓസ്ട്രേലിയയിലെ മെൽബണിൽനിന്നു പുറപ്പെട്ട് 24 മണിക്കൂറും 24 മിനിറ്റും കൊണ്ട് ഫ്രാൻസിലെ തുളൂസിൽ ലാൻഡ് ചെയ്ത് ഓസ്ട്രേലിയയുടെ ഖാൻറാസ് എയർലൈൻസിൻറെ എയർബസ് ജെറ്റ് വിമാനം.

വാണിജ്യ വിമാന സർവീസുകളുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ പറക്കലെന്ന റിക്കാർഡാണു കഴിഞ്ഞ 28ന് കമ്പനി സ്വന്തമാക്കിയത്. ഓസ്ട്രേലിയയിൽനിന്നു ലണ്ടനിലേക്ക് നേരിട്ട് സർവീസ് നടത്തുന്ന കമ്പനിയുടെ 'പ്രോജക്ട് സൺറൈസ്'പദ്ധതിയുടെ ഭാഗമായാണ് ഈ പരീക്ഷണ ഓട്ടം നടത്തിയത്.

മൂന്ന് ഭൂഖണ്ഡങ്ങളും രണ്ട് സമുദ്രങ്ങളും താണ്ടി നോൺസ്റ്റോപ്പായി 23,075 കിലോമീറ്റർ നീണ്ട ഈ ചരിത്രയാത്രയ്ക്കിടയിൽ രണ്ട് സൂര്യാസ്തമയങ്ങൾക്കും രണ്ട് സൂര്യോദയങ്ങൾക്കും വിമാനം സാക്ഷ്യം വഹിച്ചു.

പസഫിക് സമുദ്രത്തിനു മുകളിലൂടെ വടക്കുകിഴക്കായി അമേരിക്കയ്ക്കും കാനഡയ്ക്കും മുകളിലൂടെ പറന്ന വിമാനം, തുടർന്ന് അറ്റ്ലാൻറിക് സമുദ്രം കടന്ന് യുകെയ്ക്കു മുകളിലൂടെ തെക്കോട്ടു സഞ്ചരിച്ചാണ് തുളൂസിൽ എത്തിയത്.

2005ൽ ഹോങ്കോംഗിൽനിന്നു ലണ്ടനിലേക്കു ബോയിംഗ് 777200 എൽആർ വിമാനം നടത്തിയ 22 മണിക്കൂറും 42 മിനിറ്റും നീണ്ട പറക്കലിൻറെ റിക്കാർഡാണ് ഇതോടെ പഴങ്കഥയായത്. ഓസ്ട്രേലിയൻ വൻകരയെ ലണ്ടനുമായും ന്യൂയോർക്കുമായും നേരിട്ടു ബന്ധിപ്പിക്കുന്ന ദീർഘദൂര സർവീസുകൾക്കായി രൂപകല്പന ചെയ്ത എയർബസ് എ3501000 യുഎൽആർ വിമാനമാണു ചരിത്രനേട്ടം കൈവരിച്ചത്. നേരത്തേ അഞ്ചു ദിവസത്തോളം നീണ്ടുനിന്നിരുന്ന ചരിത്രപരമായ 'കംഗാരു റൂട്ട്' യാത്ര വെറും 19 മുതൽ 21 മണിക്കൂർ വരെയുള്ള ഒറ്റ നോൺ സ്റ്റോപ്പ് യാത്രയായി കുറയ്ക്കുകയാണ് ഖാൻറാസിൻറെ ലക്ഷ്യം.

സാധാരണ വിമാനങ്ങളേക്കാൾ 20,000 ലിറ്റർ അധിക ഇന്ധനം സംഭരിക്കാൻ ശേഷിയുള്ളതാണ് ഇതിനായി സജ്ജീകരിച്ചിരിക്കുന്ന എയർബസ് വിമാനങ്ങൾ. 238 യാത്രക്കാരെ വഹിക്കാൻ ഇതിൽ ശേഷിയുണ്ട്.

ഇത്തരം പ്രത്യേക മാറ്റങ്ങൾ വരുത്തിയ 12 എയർബസ് എ 350 വിമാനങ്ങളാണ് കമ്പനി ഓർഡർ ചെയ്തിരിക്കുന്നത്. ആദ്യവിമാനം 2027 ഏപ്രിലിൽ കൈമാറും. 2027 ഒക്ടോബർ മുതൽ സിഡ്നിയിൽനിന്നു ലണ്ടനിലേക്ക് ദിനംപ്രതിയുള്ള നോൺ സ്റ്റോപ്പ് സർവീസുകൾ ആരംഭിക്കാൻ കഴിയുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്.

## ജർമ്മനിയിൽ ഷെഫ് ഒഴിവുകൾ

*** നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റിലേയ്ക്ക് ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം**

ജർമ്മനിയിൽ ഷെഫ് തസ്തികയിലെ 20 ഒഴിവുകളിലേയ്ക്ക് സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന റിക്രൂട്ട്മെന്റിലേയ്ക്ക് ആഗസ്റ്റ് 9 വരെ അപേക്ഷിക്കാം. ഹോട്ടൽ മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി എന്നിവയിൽ (നാലു വർഷത്തേയോ മൂന്നു വർഷത്തേയോ) ബിരുദം നേടിയിരിക്കണം. ടൂറിസം ബിരുദങ്ങളും അളഗപ്പ, ഭാരതിയാർ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ബിരുദങ്ങൾ പരിഗണിക്കുന്നതല്ല. നിലവിൽ ഇന്ത്യയിൽ താമസിക്കുന്ന ഉദ്യോഗാർഥികൾക്കു മാത്രമേ അപേക്ഷിക്കാനാകൂ. വിശദമായ ഇന്ധ യും വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, പാസ്സ്പോർട്ട്, ഭാഷായോഗ്യത എന്നിവയുടെ പകർപ്പുകൾ സഹിതം ഹ്ധ്മ്യസ്യ്ധ്മ്യ്യ്സല്യമ്രഹ്മഴ്ശി സന്ദർശിച്ച് അപേക്ഷ നൽകാം. മുൻപ് സമാന തസ്തികയിലേയ്ക്ക് അപേക്ഷ നൽകിയവർ ഇനി അപേക്ഷിക്കേണ്ടതില്ല. നിലവിൽ വിദേശ രാജ്യങ്ങളിലോ ക്രൂയിസ് കപ്പലുകളിലോ ജോലി ചെയ്യുന്നവരെയും പരിഗണിക്കുന്നതല്ല. ഉദ്യോഗാർഥികൾക്ക് ഷെഫ് (ഇവലള) തസ്തികയിൽ നിലവിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. അപേക്ഷിക്കുന്നതിന് ജർമ്മൻ ഭാഷാ യോഗ്യത അനിവാര്യമല്ല. പ്രായപരിധി 35 വയസ്സ്.

നിലവിൽ ജർമ്മൻ ഭാഷാ യോഗ്യതയുള്ളവർക്ക് (അ1,അ2,ആ1,ആ2) മുൻഗണന ലഭിക്കുന്നതാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടാൽ 12 മാസത്തോളം നീളുന്ന ബി-വൺ (ആ1) വരെയുള്ള ജർമ്മൻ ഭാഷാപഠനത്തിന് തയ്യാറാകുന്നവരാകണം അപേക്ഷകർ. ബി-വൺ വരെയുള്ള ജർമ്മൻ ഭാഷാപരിശീലനം, യോഗ്യതകളുടെ അംഗീകാരത്തിനുള്ള നടപടിക്രമങ്ങൾ, വിസ പ്രോസസ്സിംഗ്, ജോബ് മാച്ചിങ്, അഭിമുഖങ്ങൾ, ജർമ്മനിയിലേക്കെത്തിയശേഷമുള്ള ഇന്റഗ്രേഷൻ, താമസ സൗകര്യം, കുടുംബാംഗങ്ങളെ കൊണ്ടുപോകുന്നതിനുള്ള സഹായം എന്നിവയെല്ലാം പദ്ധതിവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2770536, 539, 540, 577 ടോൾ ഫ്രീ നമ്പറുകൾ: 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്).

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ബിരിയാണിക്കടയിൽ കൂട്ടയടി; രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ ബുള്ളറ്റ് മറിഞ്ഞ് പ്രതികൾക്ക് പരിക്ക്

തൃശൂർ: ആളൂരിൽ ബിരിയാണിക്കടയിലുണ്ടായ തർക്കത്തെ തുടർന്ന് ഡെലിവറി ജീവനക്കാരെ ആക്രമിച്ച രണ്ട് യുവാക്കൾക്കെതിരെ പോലീസ് കേസെടുത്തു. ആളൂർ കനാൽപാലം സ്വദേശി അയാമ്പിള്ളി വീട്ടിൽ സനീഷ് (25), പോട്ട വാഴക്കുന്ന് സ്വദേശി മേലാപുരം വീട്ടിൽ ബെഞ്ചമിൻ (23) എന്നിവർക്കെതിരെയാണ് ആളൂർ പോലീസ് കേസെടുത്തത്.

ചൊവ്വാഴ്ച വൈകിട്ട് മൂന്നരയോടെയാണ് നാടകീയ സംഭവങ്ങൾ അരങ്ങേറിയത്. ഭക്ഷണം കഴിക്കാനെത്തിയ പ്രതികളും ഇതേ സമയത്ത് കടയിലുണ്ടായിരുന്ന മൂന്ന് ഡെലിവറി ബോയ്സുമായി വാക്കുതർക്കമുണ്ടാവുകയായിരുന്നു. തുടർന്ന് ഭക്ഷണശാലയ്ക്ക് പുറത്തുവെച്ച് ഈ തർക്കം അടിപിടിയിൽ കലാശിക്കുകയും പ്രതികൾ ഡെലിവറി ജീവനക്കാരെ ക്രൂരമായി ആക്രമിക്കുകയുമായിരുന്നു.

പുല്ലൂർ കുന്നത്തുപറമ്പിൽ വീട്ടിൽ അഭി (27), ആലത്തൂർ തറയിൽ നിഖിൽ (29), ഇരിങ്ങാലക്കുട മഠത്തിക്കര എരന്തോളി വീട്ടിൽ കിരൺ (28) എന്നിവർക്കാണ് മർദ്ദനമേറ്റത്. ആക്രമണത്തിൽ പരിക്കേറ്റ മൂവരും വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഇതിൽ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ച നിഖിലിൻറെ നെറ്റിയിലും മുഖത്തും കത്തിപോലുള്ള ആയുധം ഉപയോഗിച്ച് വരഞ്ഞ് പരിക്കേൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഇയാളുടെ തലയുടെ പിൻഭാഗത്തും കൈയിലും ഗുരുതരമായി ചതവുകളുമുണ്ട്.

സംഭവം കണ്ട് നാട്ടുകാർ പോലീസിൽ വിവരമറിയിച്ചതോടെ പ്രതികൾ ബുള്ളറ്റിൽ സ്ഥലത്തുനിന്നും രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ ആളൂർപോട്ട റോഡിലെ വിശ്വനാഥപുരം റോഡിന് സമീപം വെച്ച് ഇവർ സഞ്ചരിച്ച ബുള്ളറ്റ് കാനയിലേക്ക് മറിഞ്ഞ് അപകടത്തിൽപ്പെടുകയായിരുന്നു.

അപകടത്തിൽ പരിക്കേറ്റ സനീഷിനെ മെഡിക്കൽ കോളജിലും ബെഞ്ചമിനെ ചാലക്കുടിയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഇരുവരും ലഹരിയിലായിരുന്നുവെന്നും നിലവിൽ പോലീസ് നിരീക്ഷണത്തിലാണെന്നും അധികൃതർ വ്യക്തമാക്കി.

പ്രതികളുടെ ക്രിമിനൽ പശ്ചാത്തലത്തെക്കുറിച്ചും പോലീസ് വിവരങ്ങൾ പുറത്തുവിട്ടു. ബെഞ്ചമിൻറെ പേരിൽ ചാലക്കുടി, അങ്കമാലി, കൊടകര, ആളൂർ സ്റ്റേഷനുകളിലായി അഞ്ച് കഞ്ചാവ് കേസുകളുണ്ട്. സനീഷ് ആകട്ടെ പോക്സോ കേസിലും കഞ്ചാവ് കേസിലും പ്രതിയാണെന്നും പോലീസ് അറിയിച്ചു.

# കുളത്തൂപ്പുഴയിൽ കാട്ടുപോത്ത് ആക്രമണത്തിൽ വയോധികന് ദാരുണാന്ത്യം; സ്ഥലത്ത് വൻ പ്രതിഷേധം

കൊല്ലം: കുളത്തൂപ്പുഴയിൽ കാട്ടുപോത്ത് ആക്രമണത്തിൽ വയോധികന് ദാരുണാന്ത്യം. കായിക്കര കുന്നുംപുറത്ത് ബീമാ മൻസൽ ബഷീർ (68) ആണ് മരിച്ചത്.

കുളത്തൂപ്പുഴ തെങ്കാശി അന്തർസംസ്ഥാന പാതയിൽ കുളത്തൂപ്പുഴ ടൗണിനു സമീപം അയ്യമ്പിള്ള വളവ് പ്രദേശത്ത് ഇന്നു പുലർച്ചെ അഞ്ചേകാലോടെയാണ് സംഭവം. വീട്ടിൽ നിന്നും ടൗണിലേക്ക് വരികയായിരുന്ന ബഷീറിനെ പാഞ്ഞെത്തിയ കാട്ടുപോത്ത് ആക്രമിക്കുകയായിരുന്നു.

അതേസമയം, കാട്ടുപോത്ത് ആക്രമണത്തിൽ നാട്ടുകാർ പ്രതിഷേധത്തിലാണ്. ഡിഎഫ്ഒയും കളക്ടറും എത്താതെ മൃതദേഹം റോഡിൽ നിന്നും മാറ്റില്ലെന്നാണ് പ്രതിഷേധക്കാരുടെ നിലപാട്. കുളത്തൂപ്പുഴ പോലീസ് സംഭവസ്ഥലത്തെത്തിയിട്ടുണ്ട്.

പുനലൂർ എംഎൽഎ അജയപ്രസാദ്, കശുവണ്ടി കോർപ്പറേഷൻ മുൻ എംഡി ജയമോഹൻ തുടങ്ങിയ പ്രമുഖ നേതാക്കൾ പ്രദേശത്തെ ക്യാമ്പ് ചെയ്തു പ്രതിഷേധത്തിന് നേതൃത്വം നൽകുകയാണ്. അഞ്ചൽ റേഞ്ച് ഓഫീസർ പ്രദേശവാസികളായും സംസാരിച്ചിട്ടും പ്രശ്നപരിഹാരം ഉണ്ടായിട്ടില്ല. വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം വേണമെന്ന നിലപാടിലാണ് നാട്ടുകാർ.

## ഇപോസ്മെഷീൻതടസം: നടപടിക്ക് നിർദേശം നൽകി മന്ത്രിഅനൂപ്ജേക്കബ്

തിരുവനന്തപുരം: റേഷൻ വിതരണത്തിനുള്ള ഇപോസ് മെഷീൻ സംവിധാനത്തിലെ സാങ്കേതിക തടസങ്ങൾ പരിഹരിക്കാൻ ഹ്രസ്വ, ദീർഘകാല നടപടികൾ സ്വീകരിക്കാൻ ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് നിർദേശം നൽകി. ഓണക്കാലത്ത് ഇപോസ് മെഷീൻ തടസമില്ലാതെ പ്രവർത്തിക്കാൻ ജാഗ്രത വേണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കഴിഞ്ഞ ദിവസം ഇപോസ് മെഷീൻ നെറ്റ്വർക്ക് തകറാറിലായി റേഷൻ വിതരണം തടസപ്പെട്ടു കടകൾ അടച്ചിടേണ്ടിവന്ന സാഹചര്യത്തിലാണു മന്ത്രി യോഗം വിളിച്ചത്. ഭാവിയിൽ ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കാൻ നടപടിവേണമെന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കു മന്ത്രി നിർദേശം നൽകി.

## സ്പോട്ട് അഡ്മിഷൻ

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള കഴക്കൂട്ടം ഗവ. വനിതാ ഐടി ഐ യിൽ ഒഴിവുള്ള ഏതാനും ട്രേഡുകളിലേക്ക് പ്രവേശനനത്തിന് ആഗസ്റ്റ് 8 വരെ സ്പോട്ട് അഡ്മിഷൻ നടത്തും. താല്പര്യമുള്ളവർ രേഖകളുടെ അസ്സൽ സഹിതം നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9744900536, 9946036340.

# പശ്ചിമേഷ്യയിൽ സമാധാന ശ്രമങ്ങൾ വീണ്ടും യുദ്ധഭീഷണിയുമായി ട്രംപ്

വാഷിംഗ്ടൺ ഡിസി: ഇറാനു നേരെ അതിശക്തമായ സൈനിക ആക്രമണം നടത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ഭീഷണി. തവിടുപൊടിയാക്കുമെന്നും കനത്ത പ്രഹരം ഉടനെന്നുമാണ് ട്രംപ് ഭീഷണി ഉയർത്തിയത്. മധ്യേഷ്യയിലെ യുഎസ് സൈനിക കേന്ദ്രങ്ങൾക്കു നേരെ നടത്തിയ ആക്രമണത്തിന് മറുപടി നൽകുമെന്നും ട്രംപ് പറഞ്ഞു. എന്നാൽ ട്രംപിന്റെ ഭീഷണി ഇറാൻ തള്ളി.

ട്രംപിൻറെ ഭീഷണിക്ക് പിന്നാലെ ഇറാനെതിരെ യുഎസ് വ്യോമാക്രമണം തുടങ്ങിയതായി റിപ്പോർട്ട്. ജോർദാനിൽ അമേരിക്കൻ സൈന്യത്തെ ലക്ഷ്യമിട്ട് നടത്തിയ ഇറാൻ അക്രമണങ്ങൾക്ക് തിരിച്ചടിയായിട്ടാണ് യുഎസ് വ്യോമാക്രമണം. ഇറാൻ പിന്തുണക്കുന്ന സായുധ ഗ്രൂപ്പുകൾ ലോകത്തിൻറെ കാൻസർ ആണെന്നും ട്രംപ് പ്രതികരിച്ചു. സമാധാന ചർച്ചകൾക്കിടയിലും വിവിധ മേഖലകളിൽ പുതിയ ആക്രമണങ്ങൾ തുടരുകയാണ്.

# കേരളത്തിൽ പിഎംശ്രീ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: കേരളത്തിൽ പിഎംശ്രീ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന് കേന്ദ്രസർക്കാർ. ധാരണാപത്രത്തിൽ ഒപ്പുവച്ചതല്ലാതെ ഈ പദ്ധതിയിൽ ഒരു സർക്കാർ സ്കൂൾ പോലും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നും കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി രാജ്യസഭയിൽ അറിയിച്ചു. കോൺഗ്രസ് എംപി ജെബി മേത്തറുടെ ചോദ്യത്തിന് മറുപടിയായാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

പിഎംശ്രീ സ്കൂളുകളുടെ ഔദ്യോഗിക പട്ടികയിൽ കേരളത്തിലെ സർക്കാർ സ്കൂളുകളുടെ എണ്ണം പൂജ്യമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. നിലവിൽ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 47 സ്കൂളുകളും കേന്ദ്ര സർക്കാരിന് കീഴിലുള്ളവ മാത്രമാണ്. ഇതുവരെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് പിഎംശ്രീ പദ്ധതിയുടെ ഭാഗമായി യാതൊരു ഫണ്ടും ലഭിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു.

പിഎംശ്രീ പദ്ധതി നടപ്പാക്കാത്ത കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിൻറെ ഭാഗമായി സമഗ്ര ശിക്ഷാ പദ്ധതിയിൽ (എസ്എസ്കെ) തുക നൽകിയിട്ടുണ്ടെന്ന് ജയന്ത് ചൗധരി വിശദമാക്കി.

എസ്എസ്കെ പദ്ധതിയിലെ റൈറ്റ് ടൂ എഡ്യൂക്കേഷൻ വിഹിതമായ 99.27 കോടി രൂപ മാത്രമാണ് കേരളത്തിന് കേന്ദ്രം നൽകിയിട്ടുള്ളത്. പിഎംശ്രീ പദ്ധതിക്കായി പ്രത്യേകം ഫണ്ടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ലെന്നും കേന്ദ്രം വ്യക്തമാക്കി.

ഈ പദ്ധതിക്കായി 2025 ഒക്ടോബർ 16നാണ് സംസ്ഥാന സർക്കാർ ധാരണാപത്രത്തിൽ ഒപ്പുവച്ചിരുന്നത്.

# ഹോർമുസിൽ ഇറാൻെറ ഏകാധിപത്യം അവസാനിപ്പിക്കാൻ പദ്ധതിയുമായി ഒമാൻ

ടെഹ്റാൻ: ഹോർമുസ് കടലിടുക്കിൽ സ്വതന്ത്രവും സുഗമവുമായ കപ്പൽ ഗതാഗതം ഉറപ്പുവരുത്താൻ പ്രാദേശികതലത്തിൽ സംയുക്ത മേൽനോട്ടത്തിനു പദ്ധതി അവതരിപ്പിച്ച് ഒമാൻ.

സുപ്രധാന എണ്ണക്കടത്തു പാതയിൽ ഇറാനു മാത്രം നിയന്ത്രണമുള്ള അവസ്ഥ ഒഴിവാക്കുകയാണ് ലക്ഷ്യം. ഒമാനി വൃത്തങ്ങൾ പദ്ധതി വിശദാംശങ്ങൾ തിങ്കളാഴ്ച ഇറേനിയൻ നേതൃത്വത്തെ അറിയിച്ചു.

ഹോർമുസ് കടലിടുക്കിൻറെ ഒരു വശത്ത് ഇറാനും മറ്റേ വശത്ത് ഒമാനുമാണ്. സൗദി അടക്കമുള്ള പ്രാദേശിക അറബി രാജ്യങ്ങളുടെ പിന്തുണയോടെയാണ് ഒമാൻ പുതിയ പദ്ധതി ഇറാനെ അറിയിച്ചത്.

തെക്കുകിഴക്കനേഷ്യയിലെ മലാക്ക കടലിടുക്കിലേതുപോലുള്ള നിയന്ത്രണ സംവിധാനമാണ് ഒമാൻ ലക്ഷ്യമിടുന്നത്. മലാക്കയിൽ ഇന്തോനേഷ്യ, മലേഷ്യ, സിംഗപ്പൂർ, തായ്‌ലൻഡ് രാജ്യങ്ങളാണ് സുരക്ഷാ മേൽനോട്ടം വഹിക്കുന്നത്. മലാക്കയിലേതു പോലെ ഹോർമുസിലും കപ്പലുകൾക്ക് സ്വയം ഫീസ് നല്കാൻ അവസരം നല്കണം. സുരക്ഷ, പരിസ്ഥിതി സംരക്ഷണം, അപകടത്തിലെ രക്ഷാപ്രവർത്തനം തുടങ്ങിയവയ്ക്കുള്ള ഫണ്ട് ഇതിൽനിന്നു കണ്ടെത്താനാകും.

ഹോർമുസിൽ സൈനിക ഏറ്റുമുട്ടൽ ഒഴിവാക്കാനുള്ള പ്രോട്ടോകോളും ഒമാൻറെ നിർദേശത്തിലുണ്ടെന്നാണ് സൂചന. യുഎസ്, ഇറാൻ, പ്രാദേശിക കപ്പലുകൾ ഹോർമുസിൽ ഏറ്റുമുട്ടുന്നത് ഒഴിവാക്കുകയാണ് ലക്ഷ്യം. ഇറേനിയൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി തിങ്കളാഴ്ച ഹോർമുസ് വിഷയം സൗദിയിലെയും ഒമാനിലെയും വിദേശകാര്യ മന്ത്രിമാരുമായി ചർച്ച ചെയ്തു.

# വൻകിട പദ്ധതികളിൽ നിക്ഷേപ സന്നദ്ധത അറിയിച്ച് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ബാങ്ക്

തിരുവനന്തപുരം: സംസ്ഥാനത്തിൻറെ സുസ്ഥിര വികസനത്തിനും അടിസ്ഥാനസൗകര്യ വികസനങ്ങൾക്കും കരുത്തേകാൻ വൻകിട നിക്ഷേപങ്ങളുമായി ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ബാങ്ക്. എഐഐബി സീനിയർ ഇൻവെസ്റ്റ്മെൻറ് ഓഫീസർ രാജേഷ് യാദവ്, ഇൻവെസ്റ്റ്മെൻറ് ഓഫീസർ മുഹമ്മദ് ഷാരിബ് ഖാൻ, അസോസിയേറ്റ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ വൻഷിക കാന്ത് എന്നിവരടങ്ങിയ ഉന്നതതല സംഘം മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി.

കൊച്ചി മെട്രോ രണ്ടാം ഘട്ടം (പിങ്ക് ലൈൻ), ഖരമാലിന്യ സംസ്കരണ പദ്ധതി, പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള 'റെസിലിയൻറ് കേരള' പ്രോഗ്രാം, അണക്കെട്ടുകളുടെ പുനരധിവാസ പദ്ധതി എന്നിവയിൽ ബാങ്ക് നിലവിൽ കേരളവുമായി സഹകരിക്കുന്നുണ്ട്. പങ്കാളിത്തം കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദ നിർമ്മാണങ്ങൾക്കും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള വികസനത്തിനും കേരളം നൽകുന്ന മുൻഗണന ബാങ്കിൻറെ 2030 വരെയുള്ള വികസന നയപരിപാടികളുമായി ചേർന്നു പോകുന്നതാണെന്ന് പ്രതിനിധി സംഘം ചൂണ്ടിക്കാട്ടി. മത്സ്യബന്ധനം, തുറമുഖം, ഉൾനാടൻ ജലഗതാഗതം, മാരിടൈം ലോജിസ്റ്റിക്സ്, തീരദേശ വികസനം, ടൂറിസം തുടങ്ങിയവ കോർത്തിണക്കിയുള്ള 'മിഷൻ സമുദ്ര' പദ്ധതിയുമായി സഹകരിക്കാനുള്ള ബാങ്കിൻറെ പ്രത്യേക താത്പര്യം പ്രതിനിധികൾ സർക്കാരിനെ അറിയിച്ചു.

## തോട്ടിൽ വീണ് അഞ്ചു വയസുകാരി മരിച്ചു

കോഴിക്കോട്: നരിക്കുനി കാരുകുളങ്ങര പുതുശേരിപാലത്തിന് സമീപം തോട്ടിൽ വീണ് അഞ്ചു വയസ്സുകാരി മരിച്ചു. കാവുംപൊയിൽ വയപ്പുറം കൊട്ടയോട്ട് താഴം വേലാകണ്ടിയിൽ റഊഫ് സബീന ദമ്പതികളുടെ മകൾ ഹന ഫാത്തിമ (അഞ്ച്) ആണ് മരിച്ചത്.

തോട്ടിൽ വീണ കുട്ടിയെ ഉടൻ തന്നെ എളേറ്റിൽ വട്ടോളിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും, വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. എന്നാൽ ജീവൻ രക്ഷിക്കാനായില്ല. മൂർഖൻകുണ്ട് നെടിയനാട് ജിഎംഎൽപി സ്കൂളിലെ എൽകെജി വിദ്യാർഥിയാണ് ഹന ഫാത്തിമ. മരണത്തെ തുടർന്ന് ആശുപത്രിയിൽ എത്തിച്ച കുട്ടിയുടെ മൃതദേഹം മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

# ടെലഗ്രാമിനെ വരിഞ്ഞുമുറുക്കാൻ നീക്കം; പാവേൽ ദുറോവിനെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച് റഷ്യ

മോസ്കോ: പ്രമുഖ മെസ്സേജിംഗ് ആപ്പായ ടെലഗ്രാമിൻറെ സ്ഥാപകൻ പാവേൽ ദുറോവിനെ റഷ്യ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച് അന്താരാഷ്ട്ര വാണ്ടഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി. റഷ്യയ്ക്കുള്ളിൽ അട്ടിമറി, ഭീകരാക്രമണങ്ങൾ, സൈബർ തട്ടിപ്പുകൾ എന്നിവ ആസൂത്രണം ചെയ്യാൻ തീവ്രവാദികളും യുക്രൈൻ രഹസ്യാന്വേഷണ വിഭാഗവും ഉപയോഗിക്കുന്ന ചാനലുകളും ബോട്ടുകളും നീക്കം ചെയ്യുന്നതിൽ ടെലഗ്രാം പരാജയപ്പെട്ടുവെന്ന് ആരോപിച്ചാണ് റഷ്യൻ സുരക്ഷാ ഏജൻസിയായ എഫ്എസ്ബി ദുറോവിനെതിരെ കുറ്റം ചുമത്തിയത്.

നടപടിയോട് നേരിട്ട് പ്രതികരിച്ചിട്ടില്ലെങ്കിലും, ടെലഗ്രാമിൻറെ ഔദ്യോഗിക എക്സ് അക്കൗണ്ടിൽ ദുറോവ് നടുവിരൽ ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ചിത്രം പങ്കുവെച്ചു. നിലവിൽ റഷ്യയിൽ ടെലഗ്രാം, വാട്സാപ്പ് തുടങ്ങിയ ആപ്പുകൾക്ക് വിലക്കേർപ്പെടുത്താൻ നീക്കം നടത്തുന്ന റഷ്യൻ ഭരണകൂടം, എൻഡ് ടു എൻഡ് എൻക്രിപ്ഷൻ ഇല്ലാത്ത 'മാക്സ്' എന്ന ആപ്പിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്.

റഷ്യൻ വംശജനും ഫ്രഞ്ച് പൗരത്വമുള്ളയാളുമായ ദുറോവ് 2013ലാണ് ടെലഗ്രാം സ്ഥാപിച്ചത്. റഷ്യയ്ക്ക് പുറമെ, പ്ലാറ്റ്ഫോമിലെ ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടെന്നാരോപിച്ച് ഫ്രഞ്ച് അധികാരികളുടെ നിയമനടപടികളും അദ്ദേഹം നേരിടുന്നുണ്ട്.

# അന്തർ സംസ്ഥാന വാഹന മോഷണ സംഘത്തിലെ നാലുപേർ പിടിയിൽ

വിഴിഞ്ഞം: വാടകക്ക് കാറെടുത്ത ശേഷം കബളിപ്പിച്ചതുമായി ബന്ധപ്പെട്ട് വിഴിഞ്ഞം പോലീസ് രജിസ്റ്റർ ചെയ്ത കേസിൻറെ അന്വേഷണത്തിനൊടുവിൽ അന്തർ സംസ്ഥാന വാഹന മോഷണ ശൃംഖലയിലെ പ്രധാന കണ്ണികളെ പോലീസ് വലയിലാക്കി.

കോട്ടുപുറം കരിമ്പള്ളിക്കര സ്വദേശി മൈക്കിളിൻറെ കാർ വാടയ്ക്കെടുത്ത ശേഷം കബളിപ്പിച്ചു കടന്നു കളഞ്ഞ സംഭവമാണ് കേസിൻറെ തുടക്കം. ജൂലൈ ആറിനു കാസർകോട് സ്വദേശിയും ഇപ്പോൾ ഇടുക്കി പീരുമേട് മേലേ ജംഗ്ഷനു സമീപം താമസിക്കുന്നയാളുമായ ജോയൽ (25) ആണ് മൈക്കിളിൽനിന്നും കാർ വാ ടകയ്ക്കു വാങ്ങിയത്.

പിന്നീട് കാർ തിരികെ നൽകാതെ കടന്നു കളഞ്ഞ ജോയലിന് ഇടുക്കി സ്വദേശി സാബിർ (21) ഒത്താശ ചെയ്തു കൊടുക്കുക യും ചെയ്തു. അന്വേഷണം പുരോഗമിക്കുന്നതിനിടെ ഈ കാർ മധുരയിലെ കാർ മോഷണ സംഘത്തിലെ തലവനായ തൃശൂർ സ്വദേശി പ്രണവ് (31) വഴി തമിഴ്നാട് സ്വദേശി നബി രാജന് (24) കൈമാറിയതായും പോലീസിന് വിവരം ലഭിച്ചു. പിടികൂടിയ പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നു കാർ ചെന്നൈയിലേക്ക് കടത്താൻ ശ്രമിക്കുന്നതായും വിവരം ലഭിച്ചു. അവിടെയെത്തിയ പോലീസ് നബി രാജനെ പിടികൂടുകയായിരുന്നു.

തുടർന്നുള്ള നാലുപേരേയും പോലീസ് അറസ്റ്റുചെയ്തു. ഇവരിൽ ജോയലും സാബിറും മുൻപ് വാഹന മോഷണ കേസുകളിൽ പ്രതികളാണ്. പ്രണവ് തൃശൂരിൽ കാപ്പ നിയമപ്രകാരമുള്ള കേസിലും പ്രതിയാണ്. അറസ്റ്റിലായ ജോയലിനെയും സാബിറിനെയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പ്രണവിനും നബി രാജനുമെതിരെ കൂടുതൽ നിയമനടപടികൾ സ്വീകരിച്ച് വരികയാണ്. പോലീസ് കണ്ടെടുത്ത കാർ തുടർ നടപടികൾക്കു ശേഷം ഉടമയ്ക്ക് തിരികെ നൽകും. സംഘത്തിലെ മറ്റ് അംഗങ്ങളെക്കുറിച്ചും പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മോർഫിംഗ്: പ്രതി വീണ്ടും അറസ്റ്റിൽ

തിരുവനന്തപുരം: സഹപാഠികളായ പെൺകുട്ടികളുടെ ചിത്രം മോർഫ് ചെയ്ത് അശ്ലീല കുറിപ്പുകളോടെ സമൂഹ മാദ്ധ്യമങ്ങളിൽ പ്രചരിപ്പിച്ച സംഭവത്തിലെ പ്രതിയായ മൂന്നാം വർഷ എം.ബി.ബി.എസ് വിദ്യാർത്ഥിയും വയനാട് സ്വദേശിയുമായ പ്രതി എബേൽ അഗസ്റ്റിനെ പൊലീസ് വീണ്ടും അറസ്റ്റുചെയ്തു. മെഡിക്കൽ കോളേജ് പൊലീസാണ് അറസ്റ്റുചെയ്തത്. ഇയാൾക്കെതിരെ നേരത്തേ രണ്ട് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു. ഇതിലാണ് അറസ്റ്റ്.

നിരവധി പെൺകുട്ടികൾക്ക് ഇയാളിൽ നിന്ന് ദുരനുഭവം ഉണ്ടായിട്ടുണ്ടെങ്കിലും സീനിയർ വിദ്യാർത്ഥികൾ മാത്രമാണ് ഇപ്പോൾ പരാതിനൽകിയിരിക്കുന്നത് . വരും ദിവസങ്ങളിൽ കൂടുതൽപ്പേർ ഇയാൾക്കെതിരെ പരാതി നൽകിയേക്കും. ആദ്യം അറസ്റ്റിലായ പ്രതിക്ക് നേരത്തേ ജാമ്യം ലഭിച്ചിരുന്നു. ജാമ്യം കിട്ടാൻ കാരണം പൊലീസിന്റെ അനാസ്ഥയാണെന്നും പ്രതിയെ സംരക്ഷിക്കുകയാണെന്നും ആരോപിച്ച് വിദ്യാർത്ഥികൾ ഇന്നലെ രാത്രി മെഡിക്കൽ കോളേജ് പൊലീസ് സ്റ്റേഷൻ ഉപരോധിച്ചിരുന്നു.ഫോണിൽ ഇയാൾ പെൺകുട്ടികളുടെ ചിത്രം പകർത്തി പ്രചരിപ്പിക്കുന്നത് പതിവായതോടെയാണ് പരാതി നൽകിയത്. 13 സീനിയർ വിദ്യാർത്ഥികളുടെ ചിത്രങ്ങളാണ് പ്രചരിപ്പിച്ചത്. പെൺകുട്ടികളുടെ ഇൻസ്റ്റഗ്രാം സ്റ്റോറികളിൽ നിന്ന് അവരുടെ അനുവാദമില്ലാതെ എടുത്ത ഫോട്ടോകളാണ് മോർഫ് ചെയ്ത് അശ്ലീല കുറിപ്പുകളോടെ പ്രചരിപ്പിച്ചതെന്ന് പൊലീസ് പറഞ്ഞു. ചൊവ്വാഴ്ച ആദ്യം പരാതിയുമായി രണ്ട് പെൺകുട്ടികളാണ് എത്തിയത്. ഇതിൽ ഒരു പരാതിയിൽ പൊലീസ് കേസെടുത്തു. ഇയാളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയെങ്കിലും ജാമ്യത്തിൽ വിട്ടയക്കുകയായിരുന്നു. ജാമ്യം ലഭിച്ചെന്ന് അറിഞ്ഞതോടെ ഏഴ് പെൺകുട്ടികൾ പരാതിയുമായി ഇന്നലെ സ്റ്റേഷനിലെത്തുകയായിരുന്നു. എന്നാൽ പൊലീസ് എഫ്.ഐ.ആർ ഇടാനോ കുട്ടികളുടെ മൊഴിയെടുക്കാനോ കൂട്ടാക്കിയില്ലെന്നാണ് വിദ്യാർത്ഥികളുടെ ആരോപണം. നിസാര വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തതാണ് ജാമ്യം ലഭിക്കാൻ ഇടയാക്കിയതെന്ന് ഇവർ ആരോപിച്ചു.

പരാതികൾക്ക് ഒരേ സ്വഭാവമാണെന്നും വ്യത്യസ്ത എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്നുമായിരുന്നു പൊലീസ് നിലപാട്. ഒറ്റ കുറ്റകൃത്യമായതിനാൽ ഒരു എഫ്.ഐ.ആറിൽ അന്വേഷണം തുടരാമെന്നും മറ്റ് പരാതികൾ കൂടി ഇതോടൊപ്പം ഉൾപ്പെടുത്താമെന്നും അറിയിച്ച പൊലീസ് ഇവരെ മടക്കി അയച്ചു. ഇതുകൂടാതെ പെൺകുട്ടികളെ പരിഹസിക്കുകയും അവരുടെ ഫോട്ടോ എടുത്തെന്നും ആരോപണമുണ്ട്.ഏഴ് പരാതികളിലും വ്യത്യസ്ത എഫ്.ഐ.ആർ ഇട്ട് കേസെടുക്കണമെന്നായിരുന്നു വിദ്യാർത്ഥികളുടെ ആവശ്യം. തുടർന്ന് രാത്രിയോടെ പരാതിക്കാരും എസ്.എഫ്.ഐ പ്രവർത്തകരും സ്റ്റേഷനിലെത്തുകയായിരുന്നു. എന്നാൽ രാത്രിയായതിനാൽ പരാതി സ്വീകരിക്കാനും എഫ്.ഐ.ആർ ഇടാനുമാകില്ലെന്ന നിലപാട് പൊലീസ് തുടർന്നതോടെ ക്ഷുഭിതരായ വിദ്യാർത്ഥികൾ മുദ്രാവാക്യം വിളിയുമായി സ്റ്റേഷൻ വളയുകയായിരുന്നു.പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളുടെ ദൃശ്യം പൊലീസ് പകർത്തിയതോടെ പൊലീസും വിദ്യാർത്ഥികളും തമ്മിൽ വാക്കേറ്റമുണ്ടായി. ഒടുവിൽ എല്ലാ പരാതികളിലും വ്യത്യസ്ത എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാമെന്ന് പൊലീസ് സമ്മതിച്ചതിനെ തുടർന്ന് 12.45ഓടെ വിദ്യാർത്ഥികൾ പ്രതിഷേധം അവസാനിപ്പിക്കുകയായിരുന്നു.

# ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്: സിപിഎം പ്രവർത്തകരുടെ ഹർജി ഇന്ന് ഹൈക്കോടതി പരിഗണിക്കും

കൊച്ചി: സിഎംആർഎൽഎക്സാലോജിക് ഇടപാട് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീട്ടിൽ റെയ്ഡ് നടത്തിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ സിപിഎം പ്രവർത്തകരുടെ ജാമ്യ ഹർജി ഇന്ന് ഹൈക്കോടതി പരിഗണിക്കും.

പ്രതികളായ ശ്രീജിത്, ജീവൻ, അനിൽ കുമാർ, പി.എസ്. കിരൺ, ഷെഫീക്, സിദ്ധാർഥ്, നിഷാദ് എന്നിവർ സമർപ്പിച്ച ജാമ്യഹർജിയാണ് പരിഗണിക്കുക. തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയും സെഷൻസ് കോടതിയും ഇവരുടെ ജാമ്യാപേക്ഷ നേരത്തെ തള്ളിയിരുന്നു.

ഇന്നലെ ഹർജി പരിഗണിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് സർക്കാരിന്റെ വിശദീകരണം തേടിയിരുന്നു. നടപടി ക്രമങ്ങൾ പാലിക്കാതെ മാധ്യമങ്ങളിൽ എത്തിയ ചിത്രങ്ങളുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ് എന്നുമാണ് പ്രതികളുടെ വാദം.

56 ദിവസമായി റിമാൻഡിലാണ്. കേസിൽ തങ്ങൾക്കെതിരെ തെളിവുകളില്ല. അക്രമത്തിലോ പൊതുമുതൽ നശിപ്പിച്ചതിലോ നേരിട്ട് പങ്കില്ല. കൊലപാതകശ്രമം ഉൾപ്പെടെയുള്ള വകു പ്പുകൾ ചുമത്തിയത് അനാവശ്യമാണെന്നും ഹർജിയിൽ പറയുന്നു.

മേയ് 27 ന് നടന്ന അക്രമ സംഭവത്തിൽ 25 പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഇവരിൽ ഒരാളൊഴികെ മറ്റെല്ലാവരുടെയും ജാമ്യാപേക്ഷ പ്രിൻസിപ്പൽ സെഷൻസ് കോടതി നേരത്തേ തള്ളിയിരുന്നു.